കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മൂപ്പൈനാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-2018

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി1-1011/18

കേരളസംസ്ഥാന ഓഡിറ്റ്
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

തീയതി 14/02/2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

മൂപ്പൈനാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് -2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂപ്പൈനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18. സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1, 2-2 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-3,3-4 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ല ഓഡിറ്റ് കാര്യാലയം, വയനാട

പകർപ്പ് :

1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി1- 1011/2018

തിയ്യതി:14/02/2019

വയനാട് ജില്ലയിലെ മൂപ്പൈനാട്ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക

വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ മൂപ്പൈനാട്ഗ്രാമപഞ്ചായത്തിന്റെ 2017-18.സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.04.2017 മുതൽ 23.11.18 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം 34 ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥ | ശ്രീമതി.വസന്ത. പി.എസ്.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.11.18മുതൽ<br>01.12.18 വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ഒ.കെ.അഗസ്റ്റ്യൻ,<br>ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീ. നവാസ്. കെ.എം.<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ബിന്ദു. കെ.കെ<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ. കെ.വി.ഡേവിഡ്.<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.കെ.അലി.അക്ബർ,<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഇന്ദു.കെ.നായർ,<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഷഹർബാൻ സൈതലവി | 01.04.2017 മുതൽ<br>31.03.2018 വരെ |
| വൈസ് പ്രസിഡന്റ് | ശ്രീ.പി.ഹരിഹരൻ | 01.04.2017 മുതൽ<br>31.03.2018 വരെ |

| | | |
|---|---|---|
| | | |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (വികസന കാര്യം) | ശ്രീമതി.ആർ.യമുന | 01.04.2017 മുതൽ<br>31.03.2018 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ക്ഷേമകാര്യം) | ശ്രീ.യാഹ്യാഖാൻ തലക്കൽ | 01.04.2017 മുതൽ<br>31.03.2018 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ആരോഗ്യം വിദ്യാഭ്യാസം ) | ശ്രീമതി.യശോദ | 01.04.2017 മുതൽ<br>31.03.2018 വരെ |

(സി) നിർവഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ. രാമചന്ദ്രൻ .കെ.അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറിയുടെ അധികച്ചുമതല) | 01.04.2017 മുതൽ14.5.17 വരെയും<br>19.6.17 മുതൽ 10.7.17 വരെയും<br>01.8.17 മുതൽ 31.8.17 വരെയും<br>13.12.17 മുതൽ 21.12.17 വരെയും |

| | | |
|---|---|---|
| | സന്തോഷ് കുമാർ | 15.5.17 മുതൽ 18.6.17 വരെ |
| | സരസ്വതി.കെ.എം. | 11.07.17 മുതൽ 31.7.17 വരെയും<br>01/09/2017 മുതൽ 22/11/2017 വരെയും |
| | അൻസാരി.എസ്. | 22.12.17മുതൽ 31.3.18 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. രാമചന്ദ്രൻ .കെ. | 01.04.2017 മുതൽ<br>31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) | ഡോ. ഷാഹിദ്.ടി.പി | 01.04.2017 മുതൽ<br>31.03.2018 വരെ |
| മെഡിക്കൽഓഫീസർ (ആയുർവേദം) | ഡോ. ടി.എൻ.ഹരിശങ്കർ | 01.04.2017 മുതൽ<br>31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. രാജി.കെ.സി | 01.04.2017 മുതൽ<br>31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ.രാമുണ്ണി. കെ | 01.04.2017 മുതൽ<br>30.10.2017 വരെ |

| | | |
|---|---|---|
| | ശ്രീ.അഭിമന്യു. | 31.10.2017 മുതൽ<br>01.02.2018വരെ |
| | ശ്രീമതി.എം.കെ.മറിയുമ്മ | 02.02.2018മുതൽ<br>31.03.2018 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.ഭാഗ്യലക്ഷ്മി.വി.ബി | 01.04.2017 മുതൽ<br>12.10.17 വരെ |
| | ശ്രീമതി.സി.സൈനബ | 13.10.17 മുതൽ<br>30.11.2017 വരെ |
| | ശ്രീമതി.ഉദയ.കെ.ജോയ് | 01.12.2017 മുതൽ<br>31.03.2018 വരെ |
| അസി .എഞ്ചിനീയർ | ശ്രീ. മനുരാജ് | 01.04.2017 മുതൽ<br>31.03.2018 വരെ |
| ഹെഡ് മിസ്ട്രസ് | ശ്രീമതി.ഉഷ.പി.ആർ | 01.04.2017 മുതൽ<br>31.03.2018 വരെ |
| വി ഇ ഒ | ശ്രീമതി.നിഷ.പി.വി. | 01.04.2017 മുതൽ<br>31.03.2018 വരെ |
| | ശ്രീ.സജിത്ത്.കെ | 01.04.2017 മുതൽ<br>31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം – 1 പൊതു അവലോകനം | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-11 |
| ഭാഗം – 2 വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 12 | ഡി.എം.വിംസ് -മുഴുവൻ തറവിസ്തീർണ്ണത്തിനും വസ്തുനികുതി ഈടാക്കിയില്ല. | 2-1 |
| 13 | തൊഴിൽനികുതി രജിസ്റ്ററുകൾ പൂർണ്ണമല്ല | 2-2 |
| 14 | മൊബൈൽടവർ-പെർമിറ്റ് | 2-3 |
| 15 | ഡി & ഒ ലൈസൻസ് | 2-4 |
| 16 | ടെണ്ടർ ഫോറം വില-G.S.T അടക്കാത്തത് | 2-5 |
| ഭാഗം – 3 ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 17 | ക്ഷീരസംഘങ്ങൾക്ക് വാഹനസൌകര്യം ഏർപ്പെടുത്തൽ -അപാകങ്ങൾ | 3-1 |
| 18 | ഐ.ഇ.ഡി.സി.സെന്റർ-ഹോണറേറിയം നൽകിയതിൽ അപാകങ്ങൾ | 3-2 |
| 19 | കിഴങ്ങ് വിളകൃഷി പ്രോത്സാഹനം-അധികം നൽകിയത്- ₹ 101500 | 3-3 |
| 20 | പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ്-പൊടിച്ച പ്ലാസ്റ്റിക് കുമിഞ്ഞുകൂടുന്നു. | 3-4 |

| | | |
|---|---|---|
| 21 | എ.ടി.എസ്.പി.പദ്ധതി-തുകവിനിയോഗരേഖകളിലെ അപാകങ്ങൾ | 3-5 |
| 22 | എ.ടി.എസ്.പി.പദ്ധതി-ജയ്ഹിന്ദ് കോളനി റോഡ് പൂർത്തീകരിച്ചില്ല | 3-6 |
| 23 | നിയമവിരുദ്ധമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്തു | 3-7 |
| 24 | നിയമവിരുദ്ധമായി അളവുപുസ്തകത്തിൽ തിരുത്തൽ വരുത്തി | 3-8 |
| 25 | ടെണ്ടർഫോറത്തിന്റെയും വിതരണത്തിന്റെയും വിവരങ്ങൾ ലഭ്യമല്ല | 3-9 |
| 26 | കരാറുടമ്പടി വെക്കുന്നതിലെ കാലതാമസം-പിഴ ഈടാക്കിയില്ല | 3-10 |
| 27 | ആയുർവേദമരുന്ന് ലഭിക്കുവാൻ കാലതാമസം | 3-11 |
| 28 | പി.എച്ച്.സി.മൂപ്പൈനാട് -മരുന്ന് ലഭിച്ചില്ല | 3-12 |
| 29 | പി.എച്ച്.സി.മൂപ്പൈനാട്-ട്രിപ്പ് ഷീറ്റ് ഇല്ലാതെ വാഹനവാടക | 3-13 |
| 30 | സർവശിക്ഷാ അഭിയാൻ -വിനിയോഗവിവരങ്ങൾ ഇല്ല | 3-14 |
| 31 | സ്ത്രീപദവി പഠനം-റിപ്പോർട്ട് ലഭിച്ചില്ല | 3-15 |
| 32 | ഗ്രൂപ്പ് സംരംഭങ്ങൾക്ക് ധനസഹായം-മാനദണ്ഡങ്ങൾ പാലിച്ചില്ല | 3-16 |
| 33 | കൈവശാവകാശരേഖയില്ലാത്ത ഭൂമിയിൽ പദ്ധതികൾ നടപ്പാക്കുന്നു | 3-17 |
| 34 | മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പുപദ്ധതി-ആസ്തിരജിസ്റ്റർ കാലികമാക്കുന്നില്ല | 3-18 |
| ഭഗം – 4<br><br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 35 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 36 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 38 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 40 | ഓഡിറ്റ് റിക്കവറി | 4-6 |
| 41 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

| | | |
|---|---|---|
| 43 | സാക്ഷ്യപത്രം | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് കെട്ടിടങ്ങളുടെയും ഭൂമികളുടെയും ലിസ്റ്റ് ,ട്രേഡേഴ്സ് ലിസ്റ്റ്,സ്ഥാപനങ്ങളുടെ ലിസ്റ്റ് (കേ.പ.രാ.നിയമം വകുപ്പ് 205ബി) എന്നിവ തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതായോ അപ്രകാരം നികുതി നികുതിയേതര വരവുകളുടെ എസ്റ്റിമേറ്റിന്റെ വാസ്തവികത ഉറപ്പ് വരുത്തിയതായോ കാണുന്നില്ല.സെക്രട്ടറി ,വിവിധ ഓഫീസ് തലവൻമാർ എന്നിവരുടെ യോഗം ചേർന്ന് ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി അതാത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്റ്റാൻഡിങ്ങ് കമ്മിറ്റികൾക്ക് നൽകുകയും ഇവ അതാത് സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ പരിശോധിച്ച് , ജനവരി 15 ന് മുമ്പ് ബഡ്ജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ്കമ്മിറ്റിക്ക് നൽകണമെങ്കിലും അപ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ഉദ്യോഗസ്ഥർ നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഇവ പരിശോധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിക്കുകയോ ചെയ്തിട്ടില്ല. (കേ.പ.രാ.നിയമം വകുപ്പ് 214(1)).ഇതു മൂലം ഘടക സ്ഥാപനങ്ങളുടെ ആവശ്യങ്ങൾ പരിഗണിക്കപ്പെടാതെയും അനിവാര്യ ചുമതലകളിൽപ്പെടുന്ന എല്ലാ മേഖലയിലും ആവശ്യത്തിന് തുക വകയിരുത്താതെയും പോകുന്നു.

29.03.2017 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1/2017 നമ്പര് തീരുമാന പ്രകാരം അംഗീകരിച്ചു.. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 08.03.2018തീയതിയിലെ 3- )ം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 15-05-2018 | 02-05-2018 | | |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 18-06-2018 to 19-06-2018 | KSA(WYD)P1-541/18 dt.26-06-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 21267181 |
| വരവ് | 79788148 |
| ആകെ | 101055329 |
| ചെലവ് | 85185382 |
| നീക്കിയിരിപ്പ് | 15869947 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 19178000 | 19178000 | 18606502 | 571498 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 33599447 | 3359947 | 3359947 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | - | 2961797 | 2961797 | 2909297 | 52500 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 3302000 | 3302000 | 3302000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 4143000 | 4143000 | 4143000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | - | 9007003 | 9007003 | 9007003 | 0 |

| | | | | | | |
|---|---|---|---|---|---|---|
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | 4329675 | 4329675 | 4329675 | 0 |
| സാക്ഷരത | | - | 50,000 | 50,000 | 50,000 | 0 |
| ദുരിതാശ്വാസനിധി | | - | 50000 | 50000 | 30118 | 19882 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | 42758251 | 42758251 | 42758251 | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 13730 | 1456479 | 1470209 | 1464624 | 5585 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | 2047739 | 4301108 | 6348847 | 1802787 | 4546060 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | 0 | 34280 | 34280 | 14280 | 20000 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 1776150 | 8741000 | 10517150 | 9690091 | 827059 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 147 | 66730881 | 136 | 45857072 | 0 | 11 | 92.5 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 13730 | 1456479 | 1470209 | 1464624 | 5585 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 42758251 | 42758251 | 42758251 | -- |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 14280 | 31 |
| കർഷകതൊഴിലാളി പെൻഷൻ | 2234400 | 208 |
| വിധവാപെൻഷൻ | 13335800 | 1198 |
| വാർദ്ധക്യകാലപെൻഷൻ | 19044100 | 1722 |
| വികലാംഗപെൻഷൻ | 3243600 | 314 |
| അവിവാഹിതരാത 50 വയസ്സിനുമുകളിലുള്ള സ്ത്രീകള്ക്കുള്ള പെന്ഷന് | 77500 | 11 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.11.18ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 30143രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.05.2018 | 01.04.2017 മുതൽ 31.03.2018 വരെ | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.02.2018 | 2012-13 മുതല് 2016-17 വരെ | 27.06.2018 |

## 1-11 ആഭ്യന്തിര നിയന്ത്രണം

സ.ഉ(എം.എസ്) 10/2017 തീയതി 9.1.2017 ലെ നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ആസൂത്രണ സമിതി രൂപീകരിച്ച് ഫോറം നം 1ലും വിവിധ വർക്കിംഗ് ഗ്രൂപ്പുകളെ തെരഞ്ഞെടുത്ത ഫോറം നം 2 ലും തയ്യാറാക്കി തദ്ദേശ സ്ഥാപനത്തിന്റെ ഉത്തരവായി പുറപ്പെടുവിച്ചതായി കാണുന്നില്ല. സ.ഉ (എം.എസ്) 10/2017 തീയതി 9.1.2017 ലെ നിർദ്ദേശ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പങ്കാളിത്ത ആസൂത്രണത്തിൽ സമഗ്രവികസനം മുന്നിൽകണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളിലാണ്. 13 വർക്കിംഗ് ഗ്രൂപ്പുകൾ പഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ടെന്ന് പദ്ധതിരേഖ പ്രകാരം വ്യക്തമാണ്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ തൻവർഷം നാലോ, അഞ്ചോ തവണ മാത്രമാണ് യോഗം ചേർന്നത്. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. നടപ്പു പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. പദ്ധതി നടത്തിപ്പ് മോണിട്ടർ ചെയ്തിട്ടില്ല. യോഗം ചേർന്നതിന്റെ വ്രക്കിംഗ് ഗ്രൂപ്പ് മിനട്സുകൾ എഴുതിപൂർത്തീകരിച്ചില്ല. യോഗങ്ങളിൽ ഒപ്പുമാത്രം രേഖപ്പെടുത്തി പേജുകൾ ഒഴിച്ചിട്ടിരിക്കുന്നു.

പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും തയ്യാറാക്കുന്നതിലും നടപ്പാക്കുന്നതിലും മോണിട്ടർ ചെയ്യുന്നതിലും പ്രധാനപങ്കാളിത്തം വഹിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തിക്കാതെ പദ്ധതികൾ രൂപീകരിക്കുന്നത് ക്രമപ്രകാരമല്ല. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി വർക്കിംഗ് ഗ്രൂപ്പുകൾ സംഘടിപ്പിക്കാതെ പദ്ധതികൾ നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി.എം വിംസ് - മെഡിക്കൽ കോളേജ് & ഹോസ്പിറ്റൽ , ഫാർമസി കോളേജ് , നഴ്സിംഗ് കോഴേജ് - മുഴുവൻ വിസ്തീർണ്ണത്തിനും വസ്തുനികുതി ഈടാക്കിയില്ല.

മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് ഒന്നാം വാർഡിൽ 64/2 റിസർവേ നമ്പറിൽ ശ്രീ ദേവാനന്ദ് കെ. ടി, ഡി. എം. വിംസ് എന്നവർക്ക് ചുവടെപ്പറയുന്ന കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും ലഭ്യമായ പെർമിറ്റ് രജിസ്ററർ, കുറപ്പ് ഫയൽ എന്നീ രേഖകൾ പ്രകാരം, താഴെ കൊടുക്കുന്ന തരത്തിൽ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട് .

1) മെഡിക്കൽ കോളേജ് കോംപ്ലക്സ്-പെർമിറ്റ് നം.BA-109/11-12/30-11-11പെർമിറ്റ് പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണം 1,23,111.41 ച.മീ.

| ക്രമനം | കെട്ടിടത്തിന്റെ പേര് | പെർമിറ്റ് പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണം ( ച.മീ ) | പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണം ( ച.മീ ) |
|---|---|---|---|
| 1 | മെയിൻ ബ്ലോക്ക് | 48078.13 | 57032.28 |
| 2 | അക്കാദമിക് ബ്ലോക്ക് | 14,419.88 | 17198.64 |
| 3 | സ്റ്റുഡിയോ അപ്പാർട്ട്മെന്റ്സ് | 4277.01 | 4351.29 |
| 4 | ലേഡീസ് ഹോസ്റ്റൽ | 8210.01 | 6933.15 |
| 5 | മെൻസ് ഹോസ്റ്റൽ | 8210.01 | 8848.6 |
| 6 | 2-ബെഡ് ക്വാർട്ടേഴ്സ് | 4507.70 | 4610.52 |
| | | | 98974.48 ( ച.മീ ) |

2)നഴ്സിംഗ് കോളേജ് -പെർമിറ്റ് നം. BA/95/15-16/20-7-15

| ക്രമനം | കെട്ടിടത്തിന്റെ പേര് | പെർമിറ്റ് പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണം ( ച.മീ ) | പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണം ( ച.മീ ) |
|---|---|---|---|
| 1 | നഴ്സിംഗ് കോളേജ് | 3600.48 | 3600.48 |

3)ഫാർമസി കോളേജ് -പെർമിറ്റ് നം. BA-367/15-16/15-2-16

| ക്രമനം | കെട്ടിടത്തിന്റെ പേര് | പെർമിറ്റ് പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണം ( ച.മീ ) | പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണം ( ച.മീ ) |
|---|---|---|---|
| 1 | ഫാർമസി കോളേജ് | 3968.86 | 4762.99 |

4) സ്റ്റുഡിയോ കം 2 ബി.എച്ച്.കെ. അപ്പാർട്ട്മെന്റ് -പെർമിറ്റ് നം. BA-582/14-15 /23-4-15

| ക്രമ | കെട്ടിടത്തിന്റെ പേര് | പെർമിറ്റ് പ്ലാൻ | പൂർത്തീകരണ |
|---|---|---|---|

| നം | | പ്രകാരമുള്ള വിസ്തീർണ്ണം (ച.മീ ) | പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണം (ച.മീ ) |
|---|---|---|---|
| 1 | സ്റ്റുഡിയോ കം 2 ബി.എച്ച്.കെ. അപ്പാർട്ട്മെന്റ് | 8447.15 (പെർമിറ്റ്ഹാജരാക്കിയിട്ടില്ല) | 7949.37 |

ക്രമ നമ്പർ ഒന്ന് പ്രകരമുള്ള സൈറ്റ് പ്ലാനിനു മാത്രമാണ് ചീഫ് ടൗൺ പ്ലാനറുടെ അനുമതി ലഭ്യമായിട്ടുള്ളത്. (ഉത്തരവ് നമ്പർ D1/4661/2011 /ഡി.ഡിസ്.തീ 27-9-2011) പ്രസ്തുത ഉത്തരവിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

i) കെട്ടിടം പണിയുന്നതിനും, റോഡ് നിർമ്മിക്കുന്നതതിനും മണ്ണ് കുഴിച്ച് മാറ്റുന്നതിനും ബന്ധപ്പെട്ട വകുപ്പിൽ നിന്നും നിർമ്മാണം തുടങ്ങുന്നതിന് മുമ്പ് അനുമതി ലഭ്യമാക്കേണ്ടതാണ്.

ii) ഭൂപരിഷ്ക്കരണ നിയമ പ്രകാരം ഭൂമി തരം മാറ്റുന്നതിന് KLU ആക്ട് അനുസരിച്ച് ബന്ധപ്പെട്ട വകുപ്പിൽ നിന്നും ആവശ്യമായ അനുമതി വാങ്ങേണ്ടതാണ്.

iii) നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന 15 മീറ്ററിൽ കൂടുതൽ ഉയരം വരുന്നതും നാല് നിലകളിൽ കൂടുതൽ നിലകൾ ഉള്ളതുമായ high rise ബിൽഡിംഗിന് സ്ട്രക്ച്ചറൽ എഞ്ചിനീയർ തയ്യാറാക്കിയ സ്ട്രക്ച്ചറൽ പ്ലാനും സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റും കെട്ടിട അനുമതിയ്ക്ക് മുമ്പായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതുമാണ്. മേൽ സൂചിപ്പിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

ഓഡിറ്റ് കാലയളവ് വരെ (11/2018) ആകെ 115287.32 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് (2016-17 ൽ 64 നമ്പറുകളും, 2017-18 ൽ 3 (431,431 B, 434 എന്നീ) നമ്പറുകളും നൽകിയിട്ടുണ്ട്. ഇവ ഏതൊക്കെ കെട്ടിടങ്ങൾക്കാണ് നൽകിയതെന്ന് വ്യക്തമല്ല). സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം നിലവിൽ കെട്ടിടങ്ങളുടെ 83211ച.മീ നികുതി മാത്രമേ നിർണ്ണയിച്ചിട്ടുള്ളൂ. ബാക്കി (115287.32 ച.മീ -83211 ച.മീ) 32076.32 ച.മീറ്ററിന് നികുതി നിർണ്ണയിക്കുകയോ , ഈടാക്കുകയോ ചെയ്തിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ ഫയലുകൾ അപൂർണ്ണമാണ്. നിർമ്മാണം പൂർത്തീകരിച്ചതായി കെട്ടിട ഉടമ സമർപ്പിച്ച അപേക്ഷ , ഫോറം - 2 ൽ സമർപ്പിച്ച കെട്ടിടത്തിന്റെ വിവരങ്ങൾ, ആയതിന്മേലുള്ള കുറിപ്പ് ഫയലുകൾ, കെട്ടിടത്തിന് നമ്പർ നൽകിയതിന്റെ വിവരങ്ങൾ എന്നിവ ഹാജരാക്കിയ കംപ്ലീഷൻ പ്ലാനിനൊപ്പമില്ല. എഞ്ചിനീയറിംഗ് വിഭാഗത്തിൽ സൂക്ഷിച്ചിരുന്ന അസി.എഞ്ചിനീയർ ഒപ്പു വച്ച കംപ്ലീഷൻ പ്ലാനുകൾ ഓഡിറ്റിന് ഹാജരാക്കിയയതിൽ സെക്രട്ടറി ഒപ്പ് വെച്ചിട്ടില്ല. (ഇതിനോടൊപ്പവും നിർമ്മാണം പൂർത്തീകരിച്ചതായി കെട്ടിട ഉടമ സമർപ്പിച്ച അപേക്ഷ , ഫോറം - 2 ൽ സമർപ്പിച്ച കെട്ടിടത്തിന്റെ വിവരങ്ങൾ , ആയതിന്മേലുള്ള കുറിപ്പ് ഫയലുകൾ എന്നിവ ഹാജരാക്കികംപ്ലീഷൻ പ്ലാനിനോടൊപ്പം വച്ചിട്ടില്ല.)

മേൽ ഖണ്ഡികകളിൽ സൂചിപ്പിച്ച ഒരോ ഇനം കെട്ടിടങ്ങൾക്കും നല്കിയ നമ്പറുകൾ, നിർണ്ണയിച്ച നികുതി ,നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ, പെർമ്മിറ്റ് ഫയലുകൾ, നിർമ്മാണം പൂർത്തീകരിച്ചിട്ടും 32076.32 ച.മീറ്ററിന് നികുതി നിർണ്ണയിക്കാത്തതിനുള്ള കാരണങ്ങൾ എന്നിവ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(29 /17-18/01.12.18) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. നിലവിൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 3/- രൂപ (വിദ്യാഭ്യാസ ആവശ്യം), 60/- രൂപ( വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. തറ വിസ്തീർണ്ണമുള്ള റസ്റ്റോറൻറുകൾ)എന്നീ നിരക്കുകളിലാണ് നികുതി നിർണ്ണയിക്കാത്തതിനാൽ 32076.36 ച.മി.ന് ഏറ്റവും കുറഞ്ഞ 3/- രൂപ നിരക്കിൽ 96229/- രൂപയോ, കൂടിയ നിരക്കായ 60/- രൂപ നിരക്കിൽ 1924582/- രൂപയോ വസ്തു നികുതി ഇനത്തിൽ പ്രതിവർഷം പഞ്ചായത്തിന് വരവിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. പഞ്ചായത്ത് നികുതി നിർണ്ണയിച്ചതിൻെറ വിവരങ്ങൾ അപൂർണ്ണമായതിനാൽ നഷ്ടം തിട്ടപ്പെടുത്താൻ സാധിക്കുന്നില്ല.

പൂർത്തീകരിച്ച 32076.32 ച.മീ കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിക്കാത്തതിന് വിശദീകരണവും, നികുതി നിർണ്ണയിച്ച 83211ച.മീ കെട്ടിടങ്ങൾക്ക് നൽകിയ നമ്പറുകൾ, കെട്ടിടത്തിന്റെ തരം, ഈടാക്കിയ നികുതി എന്നിവയുടെ വിവരങ്ങൾ ഹാജരാക്കേണ്ടതും മേൽ ഖണ്ഡികകളിൽസൂചിപ്പിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 2-2 തൊഴിൽനികുതി - രജിസ്റ്ററുകൾ പൂർണ്ണമല്ല

2017 -18 ഓഡിറ്റിന്റെ ഭാഗമായി തൊഴിൽനികുതി അനുബന്ധ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ താഴെ കൊടുക്കുന്നു.

1) 2017 -18 വാർഷിക കണക്ക് പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതിയിൽ 33,10,730/- രൂപ ഡിമാന്റും, 33,10,730/- രൂപ കളക്ഷനും ഉണ്ട്. ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2) കച്ചവടക്കാർ/സ്ഥാപന തൊഴിൽനികുതി രജിസ്റ്റർ പ്രകാരം 2015-16 ൽ 277 ഉം, 2016-17 ൽ 282 ഉം കച്ചവടക്കാർ/സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിലും, 2017 -18 ൽ 268 കച്ചവടക്കാർ/സ്ഥാപനങ്ങൾ മാത്രമേ തൊഴിൽനികുതി അടച്ചിട്ടുള്ളൂ. 2017-18 ഡി ആന്റ് ഒ. ലൈസൻസ് രജിസ്റ്റർ പ്രകാരം 282 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. തൊഴിൽനികുതി അടവാക്കാത്ത സ്ഥാപനങ്ങളുടെ വിശദാംശങ്ങളും പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയതിന്റെ വിശദാംശങ്ങളും

ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

3)വാർഷിക കണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല - 2017 -18 വാർഷിക കണക്ക് പ്രകാരം കച്ചവടക്കാർ/സ്ഥാപന തൊഴിൽ നികുതിയിൽ ഡിമാന്റ് 209140/- രൂപയും കളക്ഷൻ 206930/- രൂപയുമാണ്. രജിസ്റ്റർ പ്രകാരം ഈയിനത്തിൽ ഡിമാന്റും കളക്ഷനും 207530/- രൂപയാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17/17-18/30.11.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഖണ്ഡികയിൽ സൂചിപ്പിച്ച രജിസ്റ്ററുകൾ പൂർത്തീകരിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 2-3 മൊബൈൽ ടവറുകൾക്ക് പെർമ്മിറ്റ് - കാലാവധി അധികരിച്ച് നൽകി

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 130(6) പ്രകാരം വാർത്ത വിനിമയ ഗോപുരത്തിന്റെയോ, വാർത്തവിനിമയ ഇുണ് ഘടനകളുടെയോ നിർമ്മാണത്തിന് സെക്രട്ടറിക്ക് നൽകുന്ന പെർമിറ്റിന്റെ കാലാവധി ഒരു വർഷമായിരിക്കുന്നതും പെർമിറ്റ് നീട്ടികിട്ടുന്നതിന് കാലാവധി അവസാനിക്കുന്നതിന് മുമ്പ് അപേക്ഷിക്കുകയാണെങ്കിൽ അസ്സൽ പെർമിറ്റ് ഫീസിന്റെ (10000/-രൂപ – ചട്ടം 4എ ) 50% ഈടാക്കി ഒരു വർഷത്തേക്ക് കൂടി കാലാവധി നീട്ടികൊടുക്കാവുന്നതാണ്.

പെർമിറ്റ് രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ മൊബൈൽ ടവറിന് പെർമിറ്റ് നൽകിയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടു.

1)പഞ്ചായത്തിലെ 4 -)o വാർഡിൽ 2017-18 വർഷത്തിൽ 20.2 വിസ്തീർണ്ണമുള്ള ഇൻഡസ് മൊബൈൽ ടവറിന് 1A എന്ന നമ്പർ നൽകിയിട്ടുണ്ട്. പെർമിറ്റ് രജിസ്റ്റർ പ്രകാരം (പേജ് 34). പ്രസ്തുത ടവർ നിർമ്മിക്കുന്നതിന് BA – 310/15-16 /14.01.2016 പ്രകാരം നൽകിയ പെർമിറ്റിന്റെ കാലാവധി 14.01.2016 മുതൽ 13.01.2019 വരെയാണ്. ചട്ടപ്രകാരം ടവറിന്റെ കാലാവധി 13.01.2017 ന് മുമ്പ് പൂർത്തീകരിക്കേണ്ടതാണ്. കെട്ടിട ഉടമ പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകിയിരിക്കുന്നത് 20.04.2017 ൽ ആണ്. ആയതിനാൽ പെർമിറ്റ് ഫീസിന്റെ 50% - 5000 രൂപ കൂടി ഈടാക്കേണ്ടതായിരുന്നു.

2) പെർമിറ്റ് രജിസ്റ്റർ പ്രകാരം (പേജ് 34, അപേക്ഷ നമ്പർ - 9200/15/11.12.2015)

മൊബൈൽ ടവർ നിർമ്മിക്കുന്നതിന് BA – 309/15-16/14.01.2016 പ്രകാരം പെർമിറ്റ് (കാലാവധി 14.01.2016 മുതൽ 13.01.2019) നൽകിയിട്ടുണ്ട്. പ്രസ്തുത ഫയൽ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ചട്ടപ്രകാരമുള്ള ഒരു വർഷത്തിന് പകരം മൂന്ന് വർഷം പെർമിറ്റ് കാലാവധി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/17-18/01.12.2018) മറുപടി ലഭ്യമാക്കിയിട്ടില്ല.
ചട്ട വിരുദ്ധമായി പെർമിറ്റ് കാലാവധി ദീർഘിപ്പിച്ച് നൽകിയതിനാൽ പഞ്ചായത്തിന് പെർമിറ്റ് ഫീസ് ഇനത്തിൽ ലഭ്യമാകേണ്ടിയിരുന്ന തുക നഷ്ടമായി. ഖണ്ഡികയിൽ സൂചിപ്പിച്ച അപാകതകൾക്ക് മറുപടി നൽകേണ്ടതും ക്രമ നം (2) ൽ സൂചിപ്പിച്ച ടവറിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ നമ്പർ നൽകിയതിന്റെയും വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 2-4 ഡി & ഒ ലൈസൻസ് - ലൈസൻസ് എടുക്കാതെ കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2017-18 വർഷത്തെ ഡി & ഒ ലൈസൻസ് അനുബന്ധ രേഖകൾ പരിശോധിച്ചതിൽ തൻ വർഷം ലൈസൻസ് നൽകിയ 282 സ്ഥാപനങ്ങളിൽ 44 എണ്ണം മാത്രമേ നിശ്ചിത സമയപരിധിക്കുള്ളിൽ ലൈസൻസിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ളൂ. കൂടാതെ 2016-17 ൽ 314 കച്ചവടക്കാർക്ക് ലൈസൻസ് നൽകിയിരുന്നെങ്കിലും 2017-18 ൽ 282 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റും സൂക്ഷിച്ചിട്ടില്ല. ലൈസൻസില്ലാതെ പ്രവർത്തിച്ച 32 സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികളുടെ വിവരവും വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (16/17-18 /30.11.2018) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ട്രേഡേഴ്സ് ലിസ്റ്റ് ഇല്ലാത്തതിനാൽ ഡി & ഒ ലൈസൻസ് ഇനത്തിൽ തൻവർഷ കളക്ഷൻ തന്നെയാണ് ഡിമാന്റായി കാണിക്കുന്നത്. ഈ പ്രവണത ഓഡിറ്റ് അംഗീകരിക്കുന്നില്ല. മുൻവർഷം ലൈസൻസ് എടുക്കുകയും തൻവർഷം ലൈസൻസ് എടുക്കാതെയും പ്രവർത്തിച്ച കച്ചവട സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള പിഴയും ലൈസൻസ് ഫീസും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 ടെണ്ടർ ഫോറം വില - ജി.എസ്.ടി അടവാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ 2017-18 വർഷത്തിൽ താഴെ പറയുന്ന രസീതികൾ ഉപയോഗിച്ച് ടെണ്ടർ ഫോറം വില ഈടാക്കിയിട്ടുണ്ട്.

1) രസീതി നമ്പർ - 44023/18 മുതൽ 44023/23 വരെ 15,200/- രൂപ (പഞ്ചായത്തിൽ അടവാക്കിയ രസീതി - 1170-466/02.08.2017)

2)രസീതി നമ്പർ - 44023/24 മുതൽ 44023/30 വരെ 21,500/- രൂപ (പഞ്ചായത്തിൽ അടവാക്കിയ രസീതി - 1170-480/03.08.2017)

രശീതിൽ ടെണ്ടർ ഫോറം വിലയും ജി.എസ്.ടി. തുകയും വേറിട്ട് രേഖപ്പെടുത്താത്തതിനാൽ കണക്കുകൾ വേർതിരിക്കാൻ കഴിയുന്നില്ല. ടെണ്ടർ ഫോറത്തിന്റെ വിലയിൻമേൽ ജി.എസ്.ടി ഈടാക്കിയതിന്റെയും/ അടവാക്കിയതിന്റെയും വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് എൻക്വയറി 15/17-18/30.11.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. ജി.എസ്.ടി ഈടാക്കിയതിന്റെയും/അടവാക്കിയതിന്റെയും വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ക്ഷീര സംഘങ്ങൾക്ക് വാഹന സൗകര്യം ഏർപ്പെടുത്തൽ- അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | ക്ഷീര സംഘങ്ങൾക്ക് വാഹന സൗകര്യം ഏർപ്പെടുത്തൽ |
| പ്രോജക്ട് നമ്പർ | S0167/18 |
| അടങ്കൽ | 50000/- (വികസന ഫണ്ട് - ജനറൽ) |
| ബിൽ നമ്പർ/ ചെക്ക് നമ്പർ & തുക | 2/17-18/22.01.18 – 50000/- |

2017-18 വർഷത്തിൽ വെറ്ററിനറി സർജൻ നടപ്പാക്കിയ മേൽ പദ്ധതിയിൽ 50000/- രൂപ മൂപ്പൈനാട് ഗ്രാമപഞ്ചായത്തിലെ ക്ഷീര വികസന സംഘത്തിന് നൽകിയിട്ടുണ്ട്. മിൽക്ക് റൂട്ട് ഇല്ലാത്ത പ്രദേശങ്ങളിൽ നിന്ന് പാൽ ക്ഷീര സംഘത്തിൽ എത്തിക്കാനുള്ള വാടകയായി 5,000/- രൂപ വീതം 10

മാസത്തേക്കുള്ള തുകയായാണ് 50,000/- രൂപ നൽകിയിട്ടുള്ളത്. സംഘം 71,910/- രൂപ വണ്ടിക്കൂലി നൽകിയതിന്റെ ട്രിപ്പ് ഷീറ്റുകൾ നൽകിയതിന്റെ അടിസ്ഥാനത്തിൽ 50,000/- രൂപയിൽ പരിമിതപ്പെടുത്തി നൽകുകയാണ് ചെയ്തിട്ടുള്ളത്. പ്രസ്തുത പ്രോജക്ടുകളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ പറയുന്നു.

i) നെടുങ്കണയിൽ നിന്നും പുതിയ പാടി, അപ്പാളം എന്ന റൂട്ടിന്റെയും പുതുക്കാട് നിന്നും വാളത്തൂർ, ട്രാൻസ്ഫോർമർ കവല എന്ന റൂട്ടിന്റെയും വണ്ടി വാടകയാണ് നൽകിയിരിക്കുന്നത്. എന്നാൽ പ്രസ്തുത റൂട്ടിൽ മിൽക്ക് റൂട്ടില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ക്ഷീര സംഘത്തിന്റെ മിൽമ റൂട്ടില്ല എന്ന സാക്ഷ്യപത്രം മാത്രമാണുള്ളത്.

ii) രണ്ട് വണ്ടികളാണ് (KL12E4820 & KL12J6376) സംഘം പാൽ സംഭരിക്കുവാൻ ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ, ക്വട്ടേഷൻ വിളിച്ചിട്ടില്ല.

iii) മൂപ്പൈനാട് ക്ഷീരോൽപ്പാദക സഹകരണ സംഘം സമർപ്പിച്ചിരിക്കുന്ന ട്രിപ്പ് ഷീറ്റുകൾ ഒരു വണ്ടി ഒരു മാസം ഓടിയതിന്റേതാണ്. ഉദാഹരണം താഴെ കൊടുക്കുന്നു.

| ക്രമ നം. | മാസം | വണ്ടി നമ്പർ/ ട്രിപ്പ് ഷീറ്റ് നമ്പർ | തുടക്ക (കി. മീ) | അവസാനിച്ച (കി. മീ) | യാത്ര ചെയ്ത ദൂരം(കി.മീ.) |
|---|---|---|---|---|---|
| 1 | ജൂൺ 2017(1 to 30) | KL12E4820/56 | 16327 | 16807 | 480 |
| 2 | ജൂലൈ 2017(1 to 31) | KL12E4820/58 | 16898 | 17394 | 496 |
| 3 | മെയ് 2017(1 to 31) | KL12J6376/78 | 9436 | 9653 | 217 |

മേൽ പട്ടികയിൽ നിന്നും മനസ്സിലാക്കാവുന്നത് ഒരു മാസം മുഴുവൻ വണ്ടി സംഘത്തിന് വേണ്ടി ഓടി എന്നാണ്. അല്ലെങ്കിൽ, സമർപ്പിച്ച ട്രിപ്പ് ഷീറ്റിലെ ദൂരം സംഘത്തിനു മാത്രമായിട്ട് ഓടിയതല്ല. ദിവസേനയുള്ള ട്രിപ്പ് ഷീറ്റ് സമർപ്പിക്കാത്തതിനാൽ എത്ര കിലോ മീറ്റർ പാൽ സംഭരണത്തിനായി വണ്ടികൾ ഓടിയിട്ടുണ്ട് എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

iv) വണ്ടി ഓടിയതിൽ ട്രിപ്പ് ഷീറ്റിലുള്ളതിലും അധികം തുക നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | മാസം | വണ്ടി നമ്പർ/ ട്രിപ്പ് ഷീറ്റ് നമ്പർ | തുടക്ക കി.മീ | അവസാനിച്ച കി. മീ | ട്രിപ്പ് ഷീറ്റ് പ്രകാരം യാത്ര | യഥാർത്ഥ ദൂരം | നൽകിയ തുക | നൽകേണ്ട തുക | അധികം നൽകിയത് |
|---|---|---|---|---|---|---|---|---|---|

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | ചെയ്ത ദൂരം | | | | |
| 1 | ഏപ്രിൽ 2017(1 to 30) | KL12J6376/ 78/76 | 9387 | 9394 | 210 കി.മീ | 7 കി.മീ (9394-9387) | 210x10= 2100 | 7 x10=70 | 2100-70= 2030 |

മേൽ അപാകതകൾക്ക് വിശദീകരണവും രേഖകളും ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/29-11-18) മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ അധികം നൽകിയ 2030/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. മറ്റ് അപാകതകൾക്ക് രേഖകളും വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

## 3-2 ഐ.ഇ.ഡി.സി സെന്റർ - ഫിസിയോ തെറാപ്പിസ്റ്റ് ഹോണറേറിയം-അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | ഐ.ഇ.ഡി.സി സെന്റർ - ഫിസിയോ തെറാപ്പിസ്റ്റ് ഹോണറേറിയം |
| പ്രോജക്ട് നമ്പർ | S0031/18 |
| അടങ്കൽ | 150000/- (വികസന ഫണ്ട് ) |
| ബിൽ നമ്പർ & തുക | 3/17-18/27.11.17 – 91850/- രൂപ<br>4/17-18/23.01.18 – 34900/- രൂപ<br>16/17-18/22.03.18 – 22400/- രൂപ |
| ആകെ | 149150/- രൂപ |

2017-18 വർഷത്തിൽ ഹെഡ് മാസ്റ്റർ നടപ്പാക്കിയ മേൽ പദ്ധതിയിൽ GHS റിപ്പണിൽ പ്രവർത്തിക്കുന്ന I.E.D.C (Inclusive Education for Disabled Children) സെന്ററിൽ ഗ്രാമ പഞ്ചായത്ത് നിയമിച്ച ഫിസിയോ തെറാപ്പിസ്റ്റിനുള്ള ഹോണറേറിയം നൽകാനാണ് തുക ചെലവഴിച്ചിരിക്കുന്നത്. എന്നാൽ, I.E.D.C സെന്ററിൽ പഠിക്കുന്ന കുട്ടികളുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

സബ്സിഡി മാർഗ്ഗരേഖ(എം.എസ് )നമ്പർ.80/2017/തസ്വഭവ/03.04.2017)

ഖണ്ഡിക 12.2(1) പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ സ്ഥാപിച്ച് പരിപാലിക്കുന്ന സ്പെഷ്യൽ സ്കൂളുകളിലെ (BUDS) സ്പെഷ്യലിസ്റ്റുകൾക്ക് ഹോണറേറിയം നൽകാവുന്നതാണ്. സബ്സിഡി മാർഗ്ഗരേഖ (എം.എസ്)നമ്പർ.80/2017/തസ്വഭവ /03.04.2017) ഖണ്ഡിക 10.4(6) പ്രകാരം ബഡ്സ് സ്കൂളിലെ ഫിസിയോ തെറാപ്പിസ്റ്റിന് ഒരു ദിവസം 400/- രൂപയാണ് നൽകാവുന്നത്. എന്നാൽ, ഗ്രാമ പഞ്ചായത്തിന് കൈമാറിയിട്ടില്ലാത്ത ഹൈസ്കൂളിലെ I.E.D.C സെന്ററിനാണ് ഫിസിയോ തെറാപ്പിസ്റ്റിനെ ഭരണ സമിതി നിയമിച്ചിരിക്കുന്നത്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/29.11.18) നൽകിയ മറുപടിയിൽ സ.ഉ. (അച്ചടി)നം.56/17/ധനം/28.04.17 പ്രകാരമാണ് ഹോണറേറിയം 700/- രൂപയായി വർദ്ധിപ്പിച്ചത് എന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ, പ്രസ്തുത ഉത്തരവിൽ ഫിസിയോ തെറാപ്പിസ്റ്റിന് ഹോണറേറിയം വർദ്ധിപ്പിച്ചതായി കാണുന്നില്ല.മാത്രമല്ല, മേൽ ഉത്തരവ് സർക്കാർ വകുപ്പുകൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ എന്നിവയ്ക്ക് മാത്രം ബാധകമായതാണ്.

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം (നം. 4/10.02.17) പ്രകാരം ഡോ. സഫ്ന. വി, എന്ന ഫിസിയോ തെറാപ്പിസ്റ്റിനെ ദിവസം 500/- രൂപ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം (1/25.08.17) പ്രകാരം ഡോ. ഡിംപിൾ .പി. എസ് എന്ന ഫിസിയോ തെറാപ്പിസ്റ്റിനെ 550/- രൂപ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഭരണസമിതി തീരുമാനം (1(5)/18/16.01.18) പ്രകാരം ഡോ. ജസ്ന പർവ്വിൺ എന്ന ഫിസിയോ തെറാപ്പിസ്റ്റിനെ 700/- രൂപ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം (2/04.11.17) പ്രകാരം ഫിസിയോ തെറാപ്പിസ്റ്റിന് 700/- രൂപ ദിവസവേതനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. മുൻപ് പ്രവർത്തിച്ചിരുന്ന ഡോ. സഫ്നക്ക് വേതനം ഇതുവരെ നൽകിയിട്ടില്ലാത്തതിനാൽ ദിവസ വേതനം 550/- രൂപ വീതം നൽകാനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഭരണസമിതിയുടെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-3 കിഴങ്ങ് വിള കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം (എസ്.സി/എസ്.റ്റി)-പ്രോജക്ട് വിഭാവനം പാലിച്ചില്ല. തടസ്സം 101500/- രൂപ

1) പട്ടികജാതി വനിതകൾക്ക് കിഴങ്ങ് വിള കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം

| | |
|---|---|
| പദ്ധതിയുടെ പേര് | പട്ടികജാതി വനിതകൾക്ക് കിഴങ്ങ് വിള കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം |

| | |
|---|---|
| പ്രോജക്ട് നമ്പർ | S0018/18 |
| അടങ്കൽ | 150000/- (വികസന ഫണ്ട് -SCP) |
| ബിൽ നമ്പർ & തുക | 6/17-18/05.03.18 – 150000/- |

കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതിയുടെ ധനകാര്യ വിശകലനത്തിൽ വിത്ത് വിതരണത്തിന് 100,000/- രൂപയും ജൈവവള വിതരണത്തിന് 40,000/-രൂപയും ജൈവ കീടനാശിനിക്ക് 10,000/- രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. എന്നാൽ, കൃഷി ഓഫീസർ, 150,000/- രൂപയ്ക്കും റെയിഡ്കോയിൽ നിന്നും കിഴങ്ങ് വിത്തുകൾ (ചേനയും കാച്ചിലും) വാങ്ങി 17 ഗുണഭോക്താക്കൾക്ക് നൽകുകയാണ് ചെയ്തിരിക്കുന്നത്. റെയിഡ്കോയുടെ ഇൻവോയിസ് (നം. KLPT/875/17-18/08.02.18) പ്രകാരം 7 ട്യൂബർ കിറ്റുകൾ (7 x 536 Kg = 3752 Kg) ഒരു കിറ്റിന് 21,440/- രൂപ പ്രകാരം വിതരണം നടത്തിയിട്ടുണ്ട്. 2800 Kg ചേന വിത്തുകളും 952 Kg കാച്ചിൽ വിത്തുകളുമാണ് വിതരണം ചെയ്തത്.

സബ്സിഡി മാർഗ്ഗരേഖ (എം.എസ്)നമ്പർ.80/2017/തസ്വഭവ/03.04.2017 ഖണ്ഡിക 8.1(3) പ്രകാരം ഒരു ഗുണഭോക്താവിന് പരമാവധി നൽകാവുന്നത് 3,500/- രൂപ വരെയാണ്. 17 ഗുണഭോക്താക്കൾക്ക് 3,500/- രൂപ വെച്ച് പരമാവധി നൽകാവുന്നത് 59,500/- രൂപയാണ്. എന്നാൽ, 17 ഗുണഭോക്താക്കൾക്ക് 1,50,000/- രൂപയുടെ കിഴങ്ങ് വിത്തുകൾ നൽകിയിട്ടുണ്ട്. 90,500/- രൂപയുടെ കിഴങ്ങ് വിത്തുകൾ അധികം നൽകിയിട്ടുണ്ട്.

17 ഗുണഭോക്താക്കൾക്കും 5 സെന്റ് വീതം ഭൂമിയാണ് നിർവ്വഹണോദ്യോഗസ്ഥന്റെ സ്റ്റേറ്റ്മെന്റ് പ്രകാരം ഉള്ളത്. ഓഡിറ്റ് എൻക്വയറിക്ക് (നം. 9/29.11.18) 01/12/2018 -ന് ലഭ്യമാക്കിയ മറുപടിയിൽ, ഒരു സെന്റിൽ ചേന വിത്ത് നടുന്നതിന് 48 കിലോയും കാച്ചിൽ വിത്ത് 12 കിലോയും ആവശ്യമുണ്ടെന്നും അതിനാലാണ് 1,50,000/- രൂപ വിത്തിന് മാത്രം നൽകിയതെന്നുമാണ് പറഞ്ഞിരിക്കുന്നത്.

2) പട്ടികവർഗ്ഗ വനിതകൾക്ക് കിഴങ്ങ് വിള കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം

| | |
|---|---|
| പദ്ധതിയുടെ പേര് | പട്ടിക വർഗ്ഗ വനിതകൾക്ക് കിഴങ്ങ് വിള കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം |
| പ്രോജക്ട് നമ്പർ | S0020/18 |
| അടങ്കൽ | 200000/- (വികസന ഫണ്ട് -TSP) |
| ബിൽ നമ്പർ & തുക | 3/17-18/19.02.18 – 200000/- |

കൃഷി ഓഫീസർ നടപ്പാക്കിയ മേൽ പദ്ധതിയുടെ ധനകാര്യ വിശകലനത്തിൽ

1,00,000/- രൂപക്ക് വിത്ത് വിതരണവും 50,000/- രൂപക്ക് ജൈവ വള വിതരണവും 50000/- രൂപക്ക് ജൈവ കീടനാശിനി വിതരണവും ആണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ, കൃഷി ഓഫീസർ, 2,00,000/- രൂപയ്ക്കും റെയിഡ്കോയിൽ നിന്നും കിഴങ്ങ് വിത്തുകൾ (ചേനയും കാച്ചിലും) വാങ്ങി 54 ഗുണഭോക്താക്കൾക്ക് നൽകുകയാണ് ചെയ്തിരിക്കുന്നത്. റെയിഡ്കോയുടെ ഇൻവോയിസ് (നം. KLPT/874/17-18/08.02.18) പ്രകാരം 16 ട്യൂബർ കിറ്റുകൾ (16 x 312.5 Kg = 5000 Kg) ഒരു കിറ്റിന് 12,500/- രൂപ പ്രകാരം വിതരണം നടത്തിയിട്ടുണ്ട്. 4000 Kg ചേന വിത്തുകളും 1000 Kg കാച്ചിൽ വിത്തുകളുമാണ് വിതരണം ചെയ്തത്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

സബ്സിഡി മാർഗ്ഗരേഖ (എം.എസ്)നമ്പർ.80/2017/തസ്വഭവ/03.04.2017) ഖണ്ഡിക 8.1(3) പ്രകാരം ഒരു ഗുണഭോക്താവിന് പരമാവധി നൽകാവുന്നത് 3500/- രൂപ വരെയാണ്. 54 ഗുണഭോക്താക്കൾക്ക് 3500/- രൂപ വെച്ച് പരമാവധി നൽകാവുന്നത് 1,89,000/- രൂപയാണ്. എന്നാൽ, 54 ഗുണഭോക്താക്കൾക്ക് 2,00,000/- രൂപയുടെ കിഴങ്ങ് വിത്തുകൾ നൽകിയിട്ടുണ്ട്. 11,000/- രൂപയുടെ കിഴങ്ങ് വിത്തുകൾ അധികം നൽകിയിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച തുക 1,01,500/- (90500+11000)രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-4 പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ് - പൊടിച്ച പ്ലാസ്റ്റിക് വിനിയോഗിക്കാത്തതിനാൽ കുമിഞ്ഞുകൂടുന്നു.

2017-18 വർഷം ഹരിതകർമ്മസേനയുടെ നേതൃത്വത്തിൽ പ്ലാസ്റ്റിക് ശേഖരിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതി നടപ്പാക്കി.

പ്രോജക്ട് നമ്പർ-110/18

പ്രോജക്ടിന്റെ പേര്-അജൈവമാലിന്യങ്ങൾ തരം തിരിച്ച് ശേഖരിക്കൽ

അടങ്കൽ-157585/-(പ്ലാൻ ഫണ്ട്- സാധാരണ വിഹിതം)
ചെലവഴിച്ച തുക-157585 (ബിൽ നം.6/17-18/24.3.18 )

നിർവഹണം -വി.ഇ.ഒ

പദ്ധതിയുടെ പ്രവർത്തനഫലമായി മൂപ്പൈനാട് ഗ്രാമപഞ്ചായത്തിലെ പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റിൽ കഴിഞ്ഞ ആറുമാസക്കാലമായി ഹരിതകർമ്മസേനയുടെ നേതൃത്വത്തിൽ പ്ലാസ്റ്റിക് ശേഖരിക്കുകയും പൊടിക്കുകയും ചെയ്യുന്നതിൽ മികച്ച പ്രവർത്തനമാണ് പഞ്ചായത്ത് നടത്തിയത്. എന്നാൽ പൊടിച്ച പ്ലാസ്റ്റിക്ക്

പുനരുപയോഗിക്കുന്നതിനോ കൈമാറുന്നതിനോ കഴിയാത്തത് ഹരിത കർമ സേനയുടെ തുടർ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

ഓഡിറ്റും പഞ്ചായത്ത് അധികൃതരും സംയുക്തമായി 29.11.18 ന് നടത്തിയ സ്ഥലപരിശോധനയിൽ യൂണിറ്റിൽ ഇപ്പോൾ വലിയ അളവിൽ പ്ലാസ്റ്റിക് ശേഖരിച്ച് പൊടിച്ച് സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. എന്നാൽ പ്ലാസ്റ്റിക് സൂക്ഷിക്കാൻ മതിയായ സ്ഥലമില്ലാതെ ബുദ്ധിമുട്ടുന്ന അവസ്ഥയിലാണ് നിലവിൽ പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ്. ശേഖരിച്ച്, പൊടിച്ച പ്ലാസ്റ്റിക് ബന്ധപ്പെട്ട ഏജൻസികൾക്ക് കൈമാറുന്നതിനോ ,ടാറിംഗ് പ്രവർത്തികൾക്ക് ഉപയോഗിക്കുന്നതിനോ കഴിയാത്തതിനാലാണ് ഈ സാഹചര്യം ഉണ്ടായത്. ഇക്കാര്യത്തിൽ തുടർ നടപടികൾസ്വീകരിക്കണമെന്ന് ഓഡിറ്റ് എൻക്വയറി നമ്പർ 25.തീയതി 30.11.18 മുഖേനയും ഓഡിറ്റ് എക്സിറ്റ് മീറ്റിംഗിലും പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. പഞ്ചായത്ത് ഇനി നടപ്പാക്കുന്ന ടാറിംഗ് വർക്കുകളിൽ ഷ്രഡ്ഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിക്കുന്നതാണെന്ന് എക്സിറ്റ് മീറ്റിംഗിൽ പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്. പുരോഗതി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-5 എ.ടി.എസ്.പി. പദ്ധതി - പഞ്ചായത്ത് സെക്രട്ടറിക്ക് ലഭിച്ച തുകയുട വിനിയോഗം - രേഖകളിലെ അപാകതകൾ

ജില്ലാ മണ്ണ് സംരക്ഷണഓഫീസറുടെ 05.10.2015 ലെ ഡി.ഡബ്ല്യു (4)1390/2015 നംപർ നടപടിക്രമങ്ങൾ പ്രകാരം എ.ടി.എസ്.പി. പദ്ധതിയിൽ മൂപ്പൈനാട് ഗ്രാമ പഞ്ചായത്ത് നിർവ്വഹണ ഏജൻസിയായി നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ ഫണ്ടിനത്തിൽ 1 കോടി രൂപ അനുവദിച്ചിട്ടുണ്ട് . ഏതെല്ലാം പ്രവർത്തനങ്ങൾക്കായാണ് ഈ തുക അനുവദിച്ചതെന്ന് വ്യക്തമല്ല. സൂക്ഷിച്ചിട്ടുള്ള ഫയൽ , കുറിപ്പ് ഫയൽ ഇല്ലാത്തതും , ക്രമമായി സൂക്ഷിക്കാത്തതുമാണ്.അതിനാൽ ആകെ എത്ര തുക ലഭിച്ചു, ഏതെല്ലാം പദ്ധതികൾക്കായി വിനിയോഗിച്ചു തുടങ്ങിയ വിവരങ്ങൾ ലഭ്യമാകുന്നില്ല. നടപ്പാക്കിയ പ്രവർത്തനങ്ങളിൽ മിക്കവയും ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്നതും , ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളിലുമാണ്. (ഉദാ:- റോഡ്, നടപ്പാത ടാറിംഗ് / കോൺക്രീറ്റിംഗ് , തെരുവ് വിളക്കുകളുടെ സ്ഥാപനം)

ഓഡിറ്റിന് വിശദീകരിച്ച പ്രകാരം ലഭിച്ച ഒരു കോടി രൂപ ചെലവഴിച്ചത് താഴെപ്പറയും പ്രകാരമാണ്.

| ക്രമ നം. | ബിൽ നം./ചെക്ക് നം./തുക | പ്രവൃത്തിയിനം | കുറിപ്പുകൾ |
|---|---|---|---|
| 1 | ലഭ്യമല്ല<br>35840 രൂപ | തയ്യൽ മെഷീൻ/ഫൈബർ സ്റ്റൂൾ | 'അമൃദ് ' മുഖേന തയ്യൽ പരിശീലനവും മെഷീനും നല്കിയതായി ഫയലിൽ കാണുന്നു |

| | | | |
|---|---|---|---|
| 2 | 21700565/-31.10.17<br><br>828566 /-രൂപ | പട്ടികവർഗ്ഗ യുവാക്കൾക്ക് ഓട്ടോറിക്ഷ | ഡ്രൈവേഴ്സ് സഹ.സംഘത്തിന് നല്കിയത്. ഗുണഭോക്താക്കൾക്ക് വാ ഹനം ലഭിച്ചതിന്റെയും അവരുടെ പേരിൽ രജിസ്റ്റർ ചെയ്തതിന്റെയും രേഖകൾ ഫയലിൽ ലഭ്യമായിരുന്നില്ല. ഓഡിറ്റ് എൻക്വയറി നല്കിയതിനെ തുടർന്ന് രേഖകൾ ഹാജരാക്കിയിട്ടുണ്ട്. |
| 3 | 005324/ 27.7.16 1280000/-രൂപ | കോളനികളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് | മീനങ്ങാടി പോളിടെക്നിക് പ്രിൻസിപ്പലിന് നല്കിയത് . തുക വിനിയോഗിച്ചതിന്റെയും സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചതിന്റെയും വിവരങ്ങൾ ഇല്ല. ഇവ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെയും വിവരങ്ങളില്ല. |
| 4 | 21700814/-1.2.18<br><br>350000 /-രൂപ | നീലിമല കോളനി റോഡ് ടാറിംഗ് | പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. |
| 5 | 21701001/ 15.3.18<br><br>5471046/-രൂപ | തിരിച്ച് നല്കിയ തുക | തിരിച്ച് ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർക്ക് നല്കിയ തുക. എന്നാൽ തുക കൈപ്പറ്റിയതിന്റെ ഔദ്യോഗി ക രശീത് ഫയലിൽ ഇല്ല. തുക തിരികെ ആവശ്യപ്പെട്ട് നല്കിയ കത്തിൽ 'ആകെ നല്കിയ 1 കോടി രൂപയിൽ നിന്നും രണ്ട് റോഡുകൾ ക്കുള്ള വിഹിതത്തിൽ നിന്നും കുറവ് വരുത്തിയ തുക 5471046 രൂപ തിരികെ നല്കണമെന്നാണ് ' ആവ ശ്യപ്പെട്ടത് . എന്നാൽ മേൽ ക്രമ നം 1,2,3,4 എന്നിവയിൽ പരാമർശിക്കുന്ന ചെലവുകളും , ജയിഹിന്ദ് കോളനി റോഡ് ടാറിംഗിനായുള്ള 24 ലക്ഷം രൂപയും കുറച്ചാൽ ബാക്കി 5105594 /- രൂപ മാത്രമേ തിരികെ നല്കാനുള്ളൂ. അധികം തിരികെ നല്കിയ തുക ( 5471046 - 5105594= ) 365452/- രൂപ. |

അപാകതകൾ സംബന്ധിച്ച് വിശദീകരണവും, അധികവിവരങ്ങളുണ്ടെങ്കിൽ അവയും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ 8തീയതി 29.11.18) മറുപടി നല്കിയിട്ടില്ല. ഈ തസാഹചര്യത്തിൽ മേൽ ക്രമ നംപർ 3,4,എന്നിവ പ്രകാരമുള്ള തുകകളും ക്രമ നംപർ 5 പ്രകാരമുള്ള അധികം തിരികെ നല്കിയ തുക 365452/- രൂപയും ചേർത്ത് (1280000 + 350000 + 365452 =) 1995452/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. അപാകതകൾ വിശദീകരിക്കേണ്ടതും രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

## 3-6 എ.ടി.എസ്.പി. പദ്ധതി - ജയ്ഹിന്ദ് കോളനി റോഡ് ടാറിംഗ് - പ്രവൃത്തികൾ തൃപ്തികരമായി പൂർത്തീകരിച്ചില്ല.

എ.ടി.എസ്.പി. പദ്ധതിയിൽ മൂപ്പൈനാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഏജൻസിയായി നടപ്പാക്കിയ ജയിഹിന്ദ് കോളനി റോഡ് ടാറിംഗ് പദ്ധതിയ്ക്കായി 24 ലക്ഷം രൂപ വകയിരുത്തുകയും ടെണ്ടർ മുഖേന വർക്ക് ശ്രീ.പി.കെ. അയൂബ് എന്ന കരാറുകാരൻ ഏറ്റെടുത്തതായും കാണുന്നു . കരാർ ഉടമ്പടി നം. AE/LSGD/MUP/2 /2017/26.4.17 പ്രകാരം കരാർ തിയ്യതി മുതൽ 3 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്.എന്നാൽ വർക്ക് പൂർത്തീകരിച്ചതായി ഫയലിലെ രേഖകളിൽ കാണുന്നില്ല. അളവുകൾ രേഖപ്പെടുത്തിയതായി രേഖകളില്ല.

ഫയലിലെ രേഖകൾ പ്രകാരം വർക്ക് ശരിയായി നടത്താത്തതിനാൽ നാട്ടുകാർ പരാതി നല്കിയതായും, വിജിലൻസ് വിഭാഗം അന്വേഷണത്തെത്തുടർന്ന് 'പ്രവൃത്തിയിൽ ഗുരുതരമായ ക്രമക്കേടുകൾ കാണുകയുണ്ടായെന്നും , അതിനാൽ വേണ്ടത്ര മെറ്റീരിയൽ ഉപയോഗിച്ച് ശരിയായ രീതിയിൽനിർവ്വഹിച്ചിട്ടുണ്ട് എന്നുറപ്പാക്കിയ ശേഷമേ ബില്ല് മാറി നല്കാവൂ' എന്ന് 14.7.2017 ന് നിർദ്ദേശിച്ചതായും കാണുന്നു. 19.7.2018 ന് കരാറുകാരൻ ബഹു.ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റി മുമ്പാകെ ബിൽ തുക ലഭിക്കാനായി പരാതി നല്കിയതായും കാണുന്നു. താൻ പ്രവൃത്തി പൂർത്തീകരിച്ചെന്നും ക്യൂറിംഗ് പീരീഡിൽ ഹെവി വാഹനങ്ങൾ ഓടിയാണ് കേടുപാടുകൾ ഉണ്ടായതെന്നുമാണ് കരാറുകാരന്റെ വാദം.

എന്നാൽ ഈ പ്രവൃത്തി നടന്നതിന്റെ അളവുകൾ രേഖപ്പെടുത്തിയതായി കാണുന്നില്ല. ഈ പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ രേഖകൾ, അളവ് പുസ്തകം എന്നിവ ഓഡിറ്റിന് ഹാജരാക്കണമെന്നും , ഈ പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിവരങ്ങൾ ഓഡിറ്റിന് നല്കണമെന്നും ഓഡിറ്റ് എൻക്വയറി നമ്പർ 18തീയതി 30.11.18 മുഖേന ആവശ്യപ്പെട്ടെങ്കിലും രേഖാമൂലം മറുപടി നല്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. എന്നാൽ അളവുകൾ രേഖപ്പെടുത്തിയിട്ടില്ലെന്നും ചെയ്ത പ്രവൃത്തികൾ തന്റെ മേൽനോട്ടത്തിൽ നടത്തിയവയല്ലെന്നും അസി. എഞ്ചിനീയർ നേരിൽ മറുപടി നല്കുകയുണ്ടായി. ഇക്കാര്യത്തിൽ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2116 പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും, പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്വ ത്തിൽ പൂർത്തീകരിച്ച്, ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-7 നിയമ വിരുദ്ധമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്തു

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 14(5) അനുസരിച്ച് ഒരു പൊതുമരാമത്ത് പണി എസ്റ്റിമേറ്റ് അനുസരിച്ച് നടന്നുവരവേ, മുൻകൂട്ടികാണാൻ കഴിയാത്ത കാരണത്താൽ എസ്റ്റിമേറ്റിൽ ഉൾപ്പെടാതിരുന്ന പണിയിനമോ, കൂട്ടതലായി ചെയ്യേണ്ട പണിയോ നടത്തേണ്ടി വരുന്ന സംഗതിയിൽ, അധികമായി ചെയ്യേണ്ടി വരുന്ന പണിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും ആയതിന് ഭരണാനുമതിയും സാങ്കേതിക അനുമതിയും മുൻകൂട്ടി വാങ്ങേണ്ടതുമാണ്. സാങ്കേതിക അനുമതി നൽകുന്നതിന് മുമ്പ് ബന്ധപ്പെട്ട എഞ്ചിനീയർ അധികമായി ചെയ്യേണ്ടിവരുന്ന പണി ഒഴിവാക്കാൻ പറ്റാത്തതാണെന്ന് ബോധ്യപ്പെടേണ്ടതും അപ്രകാരം സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. മേൽപറഞ്ഞ ചട്ടത്തിനു വിരുദ്ധമായി താഴെ കൊടുത്തിരിക്കുന്ന പ്രവൃത്തികളുടെ എസ്റ്റ്മേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.

I)കടച്ചിക്കുന്ന് കോളനി നടപ്പാത കോൺക്രീറ്റ്-

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കടച്ചിക്കുന്ന് കോളനി നടപ്പാത കോൺക്രീറ്റ് |
| പ്രോജക്ട് നമ്പർ | എസ്.0137/18 |
| അടങ്കൽ | 215000/- രൂപ (വികസന ഫണ്ട് - ടി.എസ്.പി) |
| ചെലവ് | 214946/-രൂപ [ബിൽ നം. 45/17-18, 19/10/2017] |
| എം. ബുക്ക് നമ്പർ | 25/17-18(1-8), |
| കരാറുകാരൻ | ശ്രീ. സിജോ എം.പി. |
| കരാറുടമ്പടി നമ്പർ | AE/LSGD/MUP/19/17-18, 23/09/2017 |
| എഗ്രീഡ് പി.എ.സി. | 214825/-രൂപ |
| പ്രവൃത്തി പൂർത്തിയാക്കിയ തീയതി | 06.10.2017(എം. ബുക്ക് പേജ് നം. 05) |

മേൽപറഞ്ഞ പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റ്മേറ്റ് അസി. എക്സി. എഞ്ചിനീയർ അംഗീകരിച്ച തീയതിയും നമ്പറും രേഖപ്പെടുത്തിയിട്ടില്ല. 21.11.2107 - ലെ 2(1) -ാം നമ്പർ തീരുമാന പ്രകാരമാണ് പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അനുമതി ഭരണാനുമതി നൽകിയിട്ടുള്ളത്. 06.09.2017 - ന് പ്രവൃത്തി പൂർത്തിയാക്കിയതിന് ശേഷമാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള ഭരണസമിതിയുടെ തീരുമാനം ലഭ്യമാക്കിയിട്ടുള്ളത്. എസ്റ്റിമേറ്റ് ചെയ്യേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കികൊണ്ടുള്ള അസി. എഞ്ചിനീയറുടെ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ മുൻകൂട്ടി കാണാൻ കഴിയാതിരുന്ന എന്തു കാരണത്താലാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വന്നതെന്നും വ്യക്തമല്ല.

പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടറിൽ ആകെ രണ്ട് കരാറുകാരാണ് പങ്കെടുത്തിട്ടുള്ളത്. ഈ കരാറുകാർ ഗ്രാമപഞ്ചായത്തിന്റെ മുദ്ര പതിപ്പിക്കാത്തും ക്രമ നമ്പർ

രേഖപ്പെടുത്താത്തതും ടെണ്ടർ ഫോറത്തിന്റെ വില രേഖപ്പെടുത്താത്തതുമായ ടെണ്ടർ ഫോറത്തിലാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ടെണ്ടർ ഷെഡ്യൂളിൽ പ്രവൃത്തിയുടെ വിശദാംശങ്ങളും രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടർ സമർപ്പിച്ച രണ്ടാമത്തെ കാരാറുകാരനായ ശ്രീ. കെ.ടി. ജോൺസൺ സമർപ്പിച്ച ടെണ്ടർ ഫോറത്തിൽ ഗ്രാമപഞ്ചായത്തിന്റെ പേരോ പ്രവൃത്തിയുടെ പേരോ ടെണ്ടർ ഫോറം ഇഷ്യൂ ചെയ്ത തീയതിയോ, മേൽ വിലാസമോ രേഖപ്പെടുത്തിയിട്ടില്ല. ആകെ ടെണ്ടർ ഫോറത്തിന്റെ രണ്ടാമത്തെ പേജിൽ 10% അധികം (അക്കത്തിൽ മാത്രം) എന്നും കാരാറുകാരന്റെ പേരും ഒപ്പും മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ക്രമ വിരുദ്ധമായ ഈ ടെണ്ടർ തിരസ്കരിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 26 /2017-18/ 30.11.2018 മറപടിയായി മുൻകൂട്ടികാണാൻ കഴിയാത്ത കാരണത്താലാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തതെന്നും മേലിൽ (മുൻകൂർ അനുമതിയില്ലാതെ പ്രവൃത്തി നടപ്പിലാക്കില്ലന്ന്) ആവർത്തിക്കില്ല എന്നുമാണ് അറിയിച്ചത്. മുൻകൂർ അനുമതിയോടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിനു ശേഷം പ്രവൃത്തി പൂർത്തിയാക്കേണ്ടതിന് പകരം പ്രവൃത്തി പൂർത്തിയാക്കിയതിന് ശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്ത നടപടി ക്രമ വിരുദ്ധമാണ്. അതിനാൽ ചെലവ് തുക 214946/-രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ ചട്ടലംഘനത്തിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

II)റിപ്പൺ-14കോളനി റോഡ് ടാറിംഗ്-

| | |
|---|---|
| പ്രോജക്ടിന്റെ പേര് | റിപ്പൺ -14 കോളനി റോഡ് ടാറിംഗ് |
| പ്രോജക്റ്റ് നമ്പർ | എസ്.0058/18 |
| അടങ്കൽ | 5 ലക്ഷം രൂപ (ഫിനാൻസ് കമ്മീഷൻ ഫണ്ട്) |
| ചെലവ് | 1)157922/-രൂപ [ബിൽ നം. 104/17-18, 31/03/2018]<br><br>2)342078/-രൂപ [ബിൽ നം. 08/18-19, 19.07.2018]<br><br>ആകെ : 500000/-രൂപ |
| എം. ബുക്ക് നമ്പർ | 336/18(1-13), |
| കരാറുകാരൻ | ശ്രീ. അമൽ ടി.ജെ. |
| കരാറുടമ്പടി നമ്പർ | AE/LSGD/60/MUP/17-18, 22/02/2018 |
| എഗ്രീഡ് പി.എ.സി. | 339460/-രൂപ |
| പ്രവൃത്തി പൂർത്തിയാക്കിയ തീയതി | 21.03.2018(എം. ബുക്ക് പേജ് നം. 07) |

പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തത് 17.2.2018 -ലെ 1(5) നമ്പർ പ്രകാരം അസി. എക്സി. എഞ്ചിനീയർ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കികൊണ്ടുള്ള അസി. എഞ്ചിനീയറുടെ സാക്ഷ്യപത്രവും എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള ഭരണാനുമതിയും (ഭരണസമിതിയുടെ തീരുമാനം) ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പ്രവൃത്തി 22/02/2018 -നാണ് കരാറുമ്പടിവെച്ച് കരാറുകാരന് ഏൽപ്പിച്ചു കൊടുത്തിട്ടുള്ളത്. കരാറുകാരനുമായി എഗ്രിമെന്റിൽ ഏർപ്പെടുന്നതിനു മുമ്പായാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുള്ളത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം തുക 339460/-രൂപയായിരുന്നു. എന്നാൽ റീകാസ്റ്റ് എസ്റ്റിമേറ്റ് പ്രകാരം തുക 505325/-രൂപയാണ് (തുക 5 ലക്ഷം രൂപയായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ചെയ്യേണ്ട പ്രവൃത്തിയളവിൽ കുറവ് വരുത്താതെ തുക മാത്രം പരിമിതപ്പെടുത്തിയത് ക്രമ പ്രകാരമല്ല). കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 1601.1.4 -ാം വകുപ്പ് അനുസരിച്ച്, പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പാണ് മാറ്റങ്ങൾ ആവശ്യമായി വന്നിരുന്നത് എന്നതിനാൽ റീകാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി റീടെണ്ടർ ചെയ്യണമായിരുന്നു.

ഓഡിറ്റ് എൻക്വയറി നം. 28 /2017-18/ 30.11.2018 മറുപടിയായി ഭരണസമിതിയുടെ തീരുമാനം വാങ്ങുന്നതിന് മുമ്പ് പണിപൂർത്തിയായിട്ടുണ്ട്, മേലിൽ ആവർത്തിക്കില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. ഭരണസമിതിയുടെ അംഗീകാരമില്ലാതെ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്തതും റീടെണ്ടർ നടത്താതെ പ്രോജക്ട് നടപ്പിലാക്കിയതുമായ നടപടികൾ ക്രമ വിരുദ്ധമാണ്. ആയത് പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗമാണ്. ആയതിനാൽ ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ ചെയ്ത പ്രവൃത്തിയുടെ ആകെ മൂല്യമായ 160540/- രൂപ (500000 - 339460) ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് കരാറുകരനുമായി ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-8 നിയമവിരുദ്ധമായി അളവ് പുസ്തകത്തിൽ തിരുത്തൽ വരുത്തി.

കേരളാ പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2109, Appeendix 2100E1 പ്രകാരം അളവ് പുസ്തകത്തിലെ മായ്ക്കലുകളും മീതെ എഴുതലുകളും കർശനമായി നിരോധിച്ചിട്ടുള്ളതാണ്. താഴെ പറയുന്ന പ്രവൃത്തിയുടെ അളവ് പുസ്തകത്തിൽ നിയമവിരുദ്ധമായി തിരുത്തൽ വരുത്തിയിട്ടുണ്ട് വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.081/17-18 |
| പ്രോജക്ടിന്റെ | നല്ലന്നൂർ ജലസേചന പദ്ധതിയുടെ കിണർ, പൈപ്പ് ലൈനുകൾ |

| | |
|---|---|
| പേര് | എന്നിവയുടെ അറ്റകുറ്റ പണികളും പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കലും |
| അടങ്കൽ | 200000/-രൂപ ( വികസന ഫണ്ട് ) |
| ചെലവ് | 200000/-രൂപ [ട്രഷറി ബിൽ നം. 96/17-18, 31.03.2018] |
| എം. ബുക്ക് നമ്പർ | 09/17-18 (പേജുകൾ 01-06) |
| കരാറുടമ്പടി നമ്പർ | 15/17-18, 29/08/2017 |
| കരാറുകരൻ | ശ്രീ. ജോയി പി.ജെ. |

മേൽ പറഞ്ഞ പ്രവൃത്തിയുടെ അളവ് പുസ്തകത്തിലെ പേജ് നമ്പർ 2 - ൽ എസ്റ്റിമേറ്റിലെ ഇനം നമ്പർ 2, പേജ് നമ്പർ 3 - ൽ എസ്റ്റിമേറ്റിലെ ഇനം നമ്പർ 3 എന്നിവയുടെ അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നത് മീതെ എഴുതി തിരുത്തൽ വരുത്തിയതായി കാണുന്നു. ചെക്ക് മെഷർമെന്റിന് ശേഷം ബിൽ തയ്യാറാക്കുമ്പോളാണ് തിരുത്തൽ വരുത്തിയിട്ടുള്ളതെന്ന് അളവ് പുസ്തക നമ്പർ 09/17-18 - ന്റെ പേജ് നമ്പർ 5 പരിശോധിച്ചാൽ വ്യക്തമാകുന്നതാണ് (ബിൽ തയ്യാറാക്കിയതിലും ആകെ അളവ് മേൽ പറഞ്ഞ തിരുത്തലിന് അനുസൃതമായി തിരുത്തിയതായി കാണാം).

മേൽ പ്രവൃത്തിയുടെ പി.എ.സി. 186509/- രൂപയായിരുന്നു അതിനോട് കൂടെ ലംപ്സം പ്രോവിഷനായി 13491/-രൂപയും കൂടി ഉൾപ്പെടുത്തിയ ആകെ തുകയായ 2 ലക്ഷം രൂപയാണ് അടങ്കൽ തുകയായി എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കേരളാ പൊതുമരാമത്ത് വകുപ്പ് മാന്വൽ 1601.1.2 - ാംവകുപ്പ് അനുസരിച്ച് ലംപ് - സം പ്രോവിഷൻ എസ്റ്റിമേറ്റ് തുകയുടെ 5% - ൽ അധികരിക്കാൻ പാടില്ലാത്തതാണ്. ആയത് പ്രകാരം മേൽ പ്രവൃത്തിക്ക് ലംപ്സം പ്രോവിഷനായി ഉൾപ്പെടുത്താ മായിരുന്ന പരമാവധി തുക 9325/- രൂപയായിരുന്നു (186509 X 5%). മേൽ വകുപ്പ് അനുസരിച്ച് ലംപ്സം പ്രോവിഷൻ വിനിയോഗിക്കുന്നതിന് വർക്കിംഗ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുമാണ്. ആയതിനാൽ മേൽ പ്രവൃത്തിക്ക് അനുവദിക്കാവുമായിരുന്ന പരമാവധി തുക 186509/- രൂപയായിരുന്നു. എന്നാൽ വർക്കിംഗ് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയോ ചെയ്യാതെ 200000/- രൂപ ചെലവഴിച്ചിട്ടുണ്ട്

ഓഡിറ്റ് എൻക്വയറി . നം . 27 /2017-18/ 30.11.2018 - ന് മറുപടിയായി അസി. എക്സി. എഞ്ചിനീയർ അംഗീകരിച്ച ബിൽ പ്രകാരമാണ് തുക നൽകിയിട്ടുള്ളതെന്നാണ് നിയമ വിരുദ്ധമായി അളവ് പുസ്തകത്തിൽ തിരുത്തൽ വരുത്തിയതിന് മറുപടിലഭ്യമാക്കിയിട്ടില്ല. നിയമവിരുദ്ധമായി എഗ്രീഡ് പി.എ.സി. -യെക്കാൾ അധികം അനുവദിച്ച തുക 13491/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. അളവ് പുസ്തകത്തിൽ നിയമവിരുദ്ധമായ

തിരുത്തലുകൾ വരുത്തിയതിനാൽ ബാക്കി തുക 86509/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. അളവ് പുസ്തകത്തിൽ അളവ് രേഖപ്പെടുത്തിയ ഉദ്യോഗസ്ഥനെതിരെ ഉചിതമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 3-9 ടെണ്ടർ ഫോറത്തിന്റെ സ്റ്റോക്കിന്റെയും വിതരണത്തിന്റെയും കൃത്യമായ വിവരങ്ങളില്ല.

ഗ്രാമപഞ്ചായത്തിന്റെ 01.08.2017 മുതലുള്ള ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്ററാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ഇതിൽ ഓപ്പണിംഗ് സ്റ്റോക്കിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. 01.08.2017 - ൽ 440- ഉം 19.09.2018 -ൽ 500-ഉം (ആകെ : 940) ടെണ്ടർ ഫോറങ്ങൾ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന് ആധാരമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ 14.11.2018 വരെയുള്ള സ്റ്റോക്കിന്റെ വിവരങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതനുസരിച്ച് 426 ടെണ്ടർ ഫോറങ്ങളാണ് സ്റ്റോക്കിൽ ബാക്കിയുള്ളത്. 29.11.2018 -ൽ നടത്തിയ ടെണ്ടർ ഫോറം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയിൽ സ്റ്റോക്കിലുള്ള ടെണ്ടർ ഫോറങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ മുദ്ര പതിക്കാതെയും ക്രമ നമ്പർ നൽകാതെയും സൂക്ഷിച്ചിട്ടുള്ളതായാണ് കണ്ടത്. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനീയർ ഗ്രാമപഞ്ചായത്തിന്റെ മുദ്ര പതിക്കാത്തതും ക്രമ നമ്പർ നൽകാത്തതുമായ ടെണ്ടർ ഫോറങ്ങളാണ് കാരാറുകാർക്ക് നൽകിയിട്ടുള്ളതെന്ന് മരാമത്ത് പ്രവൃത്തികളുടെ ഫയലുകളുടെ പരിശോധനയിൽ കാണുകയുണ്ടായി.

01.08.2017 മുതൽ 14.11.2018 വരെ 514 (940 - 426) ടെണ്ടർ ഫോറങ്ങൾ വിവധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്തതായാണ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | വിതരണം നടത്തിയ തീയതി | ടെണ്ടർ ഫോറങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | അസി. എഞ്ചിനീയർ | 03.08.2017 | 290 |
| 2 | സെക്രട്ടറി | 21.12.2107 | 21 |
| | | 02.08.2018 | 5 |
| | | 14.11.2018 | 10 |
| 3 | അസി. എഞ്ചിനീയർ, എം.എൻ.ആർ.ജി.എ. | 22.01.2018 | 70 |
| | | 17.09.2018 | 5 |

| | | | |
|---|---|---|---|
| | | 18.09.2018 | 10 |
| | | 29.10.2018 | 80 |
| 4 | കൃഷി ഓഫീസർ | 07.03.2018 | 3 |
| 5 | ഹെഡ് മാസ്റ്റർ | 14.11.2018 | 20 |
| ആകെ | | | 514 |

സ്റ്റോക്ക് രജിസ്റ്ററിൽ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ ടെണ്ടർ ഫോറങ്ങളുടെ ക്രമ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടർ ഫോറങ്ങൾ കൈപ്പറ്റിയ നിർവ്വഹണ ഉദ്യോഗസ്ഥർ ആരും (അവർക്ക് ലഭിച്ച ഫോറങ്ങളുടെ) ടെണ്ടർ ഫോറം ഇഷ്യൂ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ടെണ്ടർ ഫോറങ്ങൾ ഏതൊക്കെ കരാറുകാർക്കാണ് വിതരണം ചെയ്തതെന്നും ആയതിന്റെ തുക മുഴുവൻ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ടോ എന്നും ടെണ്ടർ ഫോറം കൈപ്പറ്റിയ എല്ലാ കാരറുകാരും ടെണ്ടർ സമർപ്പിച്ചിട്ടുണ്ടോ എന്നും എത്രവീതം ടെണ്ടർ ഫോറങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പക്കൽ ബാക്കിയുണ്ട് എന്നും മനസ്സിലാക്കാൻ സാധിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി . നം . 13 /2017-18/ 30.11.2018 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇഷ്യൂ ചെയ്ത ടെണ്ടർ ഫോറങ്ങളുടെ കൃത്യമായ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതും മേൽ പറഞ്ഞ മറ്റ് അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 3-10 കരാറുടമ്പടി വെയ്ക്കുന്നതിലെ കാലതാമസം - പിഴ ഈടാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ കരാറുടമ്പടി വെയ്ക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2009.6 -ാം വകുപ്പ് അനുസരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസത്തിനകം കരാടുമ്പടി വെയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം സമയം പി.എ.സി. - യുടെ 1% പിഴയോടുകൂടി കരാടുമ്പടി വെയ്ക്കാം. ആയതിനുള്ളിൽ കരാറുടമ്പടി വെച്ചിട്ടില്ലെങ്കിൽ ടെണ്ടർ റദ്ദുചെയ്ത് റീടെണ്ടർ നടത്തണം. കരാറുടമ്പടി വെയ്ക്കുന്നതിൽ കാലതാമസം വരുത്തിയ താഴെ കൊടുക്കുന്ന പ്രവൃത്തിയുടെ ടെണ്ടർ റദ്ദാക്കുകയോ പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നമ്പറും പ്രവൃത്തിയുടെ പേരും | പ്രോജക്ടിന്റെ മറ്റ് വിവരങ്ങൾ | | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|
| 1 | എസ്. 0068/18, | അടങ്കൽ | 400000/-രൂപ | 3988 |

| | | | | |
|---|---|---|---|---|
| | 15-ാം വാർഡ് 4-ാം നമ്പർ റോഡ് ടാറിംഗ് പ്രവൃത്തി | | (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) | |
| | | ചെലവ് | 400000/-രൂപ {ട്രഷറി ബിൽ നം. 09/2018-19, 19.07.2018} | |
| | | പി.എ.സി | 398839/- രൂപ | |
| | | കരാറുകാരന്റെ പേര് | അമൽ ടി.ജെ. | |
| | | കാരാറുടമ്പടിയുടെ നമ്പറും തീയതിയും | 61/18, 22.02.2018 | |
| | | സെലക്ഷൻ നോട്ടീസിന്റെ തീയതി | 22.11.2017 | |
| 2 | എസ്. 0045/18, 5-ാം നമ്പർ റോഡ് ടാറിംഗ് പ്രവൃത്തി | അടങ്കൽ | 600000/-രൂപ (സംരക്ഷണ ഗ്രാന്റ്) | 5996 |
| | | ചെലവ് | 600000/-രൂപ {ട്രഷറി ബിൽ നം. 98/2017-18, 31.03.2018} | |
| | | പി.എ.സി | 599607/- രൂപ | |
| | | കരാറുകാരന്റെ പേര് | അമൽ ടി.ജെ. | |
| | | കാരാറുടമ്പടിയുടെ നമ്പറും തീയതിയും | 58/18, 22.02.2018 | |
| | | സെലക്ഷൻ നോട്ടീസിന്റെ തീയതി | 22.11.2017 | |

| | | | | |
|---|---|---|---|---|
| 3 | എസ്. 0036/18, കൊല്ലിവയൽ റോഡ് പാർശ്വഭിത്തി സംരക്ഷണവും കോൺക്രീറ്റും | അടങ്കൽ | 400000/-രൂപ (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) | 3983 |
| | | ചെലവ് | 399960/-രൂപ {ട്രഷറി ബിൽ നം. 46/2017-18, 29.01.2018} | |
| | | പി.എ.സി | 398255/- രൂപ | |
| | | കരാറുകാരന്റെ പേര് | ജോഷി എ.വി. | |
| | | കാരാറുടമ്പടിയുടെ നമ്പറും തീയതിയും | 23/17-18, 10.10.2017 | |
| | | സെലക്ഷൻ നോട്ടീസിന്റെ തീയതി | 22.09.2017 | |
| 4 | എസ്. 0071/18, 9-ാം നമ്പർ റോഡ് കോൺക്രീറ്റ് | അടങ്കൽ | 1)300000/-രൂപ (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്)<br>2)200000/-രൂപ (സംരക്ഷണ ഗ്രാന്റ്)<br>ആകെ : 500000/-രൂപ | 3996 |
| | | ചെലവ് | 55819/-രൂപ {ട്രഷറി ബിൽ നം. 100/2017-18, 31.03.2018}<br>(പാർട്ട് ബിൽ - ബാക്കി തുക നൽകിയിട്ടില്ല.) | |

| | | | | |
|---|---|---|---|---|
| | | പി.എ.സി | 399635/- രൂപ | |
| | | കരാറുകാരന്റെ പേര് | കെ.കെ. അഭിലാഷ് | |
| | | കാരാറുടമ്പടിയുടെ നമ്പറും തീയതിയും | 49/17-18, 25.01.2018 | |
| | | സെലക്ഷൻ നോട്ടീസിന്റെ തീയതി | 23.11.2017 | |
| 5 | എസ്. 0047/18, നാരകത്തുന്ന് റോഡ് ടാറിംഗ് | അടങ്കൽ | 400000/-രൂപ (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) | 3993 |
| | | ചെലവ് | 400000/-രൂപ {ട്രഷറി ബിൽ നം. 64/2018-19, 28.02.2018} | |
| | | പി.എ.സി | 399284/- രൂപ | |
| | | കരാറുകാരന്റെ പേര് | അമൽ ടി.ജെ. | |
| | | കാരാറുടമ്പടിയുടെ നമ്പറും തീയതിയും | 55/18, 22.02.2018 | |
| | | സെലക്ഷൻ നോട്ടീസിന്റെ തീയതി | 22.11.2017 | |
| 6 | എസ്. 0061/18, 12-ാംനമ്പർ നുറുക് കുണ്ട് റോഡ് പാർശ്വഭിത്തി ഫോർമേഷൻ | അടങ്കൽ | 400000/-രൂപ (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) | 3995 |
| | | ചെലവ് | 4,00,000/-രൂപ {ട്രഷറി ബിൽ നം. 84/2017-18, 31.03.2018} | |

| | | | | |
|---|---|---|---|---|
| | | പി.എ.സി | 3,94,790/- രൂപ | |
| | | കരാറുകാരന്റെ പേര് | ശ്രീ. ജോൺസൺ കെ. ടി. | |
| | | കാരാറുടമ്പടിയുടെ നമ്പറും തീയതിയും | 32/18, 16.11.2017 | |
| | | സെലക്ഷൻ നോട്ടീസിന്റെ തീയതി | 20.09.2017 | |
| 7 | എസ്. 0058/18,റിപ്പൺ -14 കോളനി റോഡ് ടാറിംഗ് | അടങ്കൽ | 5 ലക്ഷം രൂപ (ഫിനാൻസ് കമ്മീഷൻ ഫണ്ട്) | 3395 |
| | | ചെലവ് | 1)157922/-രൂപ [ബിൽ നം. 104/17-18, 31/03/2018]<br>2)342078/-രൂപ [ബിൽ നം. 08/18-19, 19.07.2018]<br>ആകെ : 500000/-രൂപ | |
| | | പി.എ.സി | 339460/-രൂപ | |
| | | കരാറുകാരന്റെ പേര് | ശ്രീ. അമൽ ടി.ജെ. | |
| | | കാരാറുടമ്പടിയുടെ നമ്പറും തീയതിയും | AE/LSGD /60/MUP/17-18, 22/02/2018 | |
| | | സെലക്ഷൻ നോട്ടീസിന്റെ തീയതി | 22.11.2017 | |

| | | | | |
|---|---|---|---|---|
| | | | ആകെ | 29346/- |

ഓഡിറ്റ് എൻക്വയറി നം. 33/2017-18/ 01.12.2018 - ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരുമായി എഗ്രിമെന്റിൽ ഏർപ്പെട്ട അസി. എഞ്ചിനീയറിൽ നിന്നും പിഴതുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-11 മരുന്ന് ലഭിക്കാൻ കാലതാമസം.

നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ(ആയുർ വേദം)

1) പ്രോജക്റ്റ് നം 92/2018(വൃദ്ധജനങ്ങളുടെ ആരോഗ്യസംരക്ഷണം ആയുർവേദത്തിലൂടെ ), അടങ്കൽ 300000/- രൂപ( വികസന ഫണ്ട് )

ചെലവ് 250000/- രൂപ, ബിൽ നം 4/2017-18 / 16.1.18

മരുന്ന് ലഭ്യമാക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥൻ മുൻകൂറായി 2,50,000/- രൂപ ഔഷധിയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ നൽകിയ മുഴുവൻ തുകയ്ക്കും മരുന്ന് ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| മരുന്ന് ലഭിച്ച തീയതി | മരുന്ന് വില |
|---|---|
| 18.4.2018 | 23915/- |
| 28.3.2018 | 22705/- |
| 6.6.2018 | 17174/- |
| 5.7.2018 | 59825/- |
| 16.8.2018 | 13292/- |
| 16.8.2018 | 42649/- |
| 23.8.2018 | 20311/- |
| 10.9.2018 | 16632/- |
| 5.10.2018 | 18510/- |
| 24.10.2018 | 2608/- |
| ആകെ | 237621/- |

നൽകിയ 2,50,000/-രൂപയിൽ 2,37,621/-രൂപയുടെ മരുന്ന് ലഭിച്ചു. 12,379/-രൂപയുടെ മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല.

ഔഷധിയുമായി കരാർ വെച്ചിട്ടുണ്ടെങ്കിലും അറുപത് ദിവസത്തിനുള്ളിൽ മരുന്ന്

വിതരണം ചെയ്യണമെന്ന വ്യവസ്ഥ ഔഷധി പാലിച്ചിട്ടില്ല. ബാക്കി മരുന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-12 PHC മൂപ്പൈനാട് - മരുന്ന് ലഭിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ(PHC മൂപ്പൈനാട്)

1) പ്രോജക്ട് നം 27/2018(സ്വാന്തന പരിചരണം), അടങ്കൽ 500000/- രൂപ( വികസന ഫണ്ട് )

മേൽ ചെലവിൽ ബിൽ നം 6/2017-18 / 20.2.18 പ്രകാരം 1,71,440/- രൂപ, നൽകി

KMCL ൽ നിന്നാണ് മരുന്ന് വാങ്ങിയത്. KMCL നാളിതു വരെ 4589 രൂപയുടെ മരുന്ന് മാത്രമാണ് വിതരണം നടത്തിയത്. ബാക്കി മരുന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 PHC മൂപ്പൈനാട് - വാഹന വാടകട്രിപ്പ് ഷീറ്റ് ഹാജരാക്കിയിട്ടില്ല

മെഡിക്കൽ ഓഫീസർ(PHC മൂപ്പൈനാട്) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ

വിവിധ പദ്ധതികളിൽ വാഹന വാടക നൽകിയതിന് ട്രിപ്പ് ഷീറ്റ്ഹാജരാക്കിയിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം, പേര് | ബിൽ നം | വാഹന നമ്പർ, ഡ്രൈവറുടെ പേര്, കൈപ്പറ്റിയ തുക |
|---|---|---|
| 27/18 സ്വാന്തന പരിചരണം | 1)1/17-18 /6.1.18, 2)6/17-18 /20.2.18, 2)12/17-18 /28.3.18 | 1.)KL7P- 4010 ഷിജു വി ബി , 73000 രൂപ 2.)KL12A-5832 ഷിജു വി ബി , 48000 രൂപ 3.)KL12A-5832 ഷിജു വി ബി , 22000 രൂപ |
| 28/18 രോഗ | 1)13/17-18 /28.3.18 | 1.)KL7P- 4010 ഷിജു വി ബി , 5800 രൂപ |

| | | |
|---|---|---|
| പ്രതിരോധം | 2)5/17-18 /20.2.18<br>3)2/17-18 /6.1.18 | 2)KL12A2532 ശ്രീജിത്ത് , 20000 രൂപ<br>3)KL7P- 4010 ഷിജു വി ബി , 12800 രൂപ<br>4.)KL7P- 4010 ഷിജു വി ബി , 21110 രൂപ<br>5)KL12A-5832 ഷിജു വി ബി , 37870 രൂപ |
| 94/18<br>ജീവിത ശൈലീരോഗ നിയന്ത്രണം | 1)15/17-18 /28.3.18 | 1)KL12A2532 ശ്രീജിത്ത് , 12000 രൂപ |

ട്രിപ്പ് ഷീറ്റ് ഹാജരാക്കേണ്ടേതാണ്. രേഖകളില്ലെങ്കിൽ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-14 സർവ്വ ശിക്ഷാ അഭിയാൻ വിശദമായ വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി വികസന ഫണ്ടിൽ നിന്നും തുക നൽകിയ താഴെ പറയുന്ന തുക സർവ്വ ശിക്ഷാ അഭിയാന് നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം | ബിൽ നം., തീയതി | ചെലവ് തുക |
|---|---|---|---|
| 1 | 5/2017-18 (general) | 14/2017-18 3.10.2017 | 400000/- |
| 2 | 6/2017-18(SCP) | 15/2017-18 3.10.2017 | 100000/- |
| 3 | 7/2017-18(TSP) | 16/2017-18 3.10.2017 | 200000/- |
| | | ആകെ | 700000/- |

സർവ്വ ശിക്ഷാ അഭിയാൻ പ്രോജക്റ്റ് ഡയറക്റ്റർ നൽകിയ വിനിയോഗ സാക്ഷ്യപത്രത്തിൽ 7,00,000/- രൂപ ചെലവഴിച്ച എന്ന് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഏതൊക്കെ സ്കൂളുകളിൽ ഏതൊക്കെ പദ്ധതികൾക്കായി തുക ചെലവഴിച്ച എന്ന വിശദാംശം ഹാജരാക്കിട്ടില്ല. വിശദമായ വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്. വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ 7,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-15 സ്ത്രീ പദവി പഠനം-പഠനറിപ്പോർട്ട് ലഭിച്ചിട്ടില്ല.

മൂപ്പൈനാട് ഗ്രാമപഞ്ചായത്തിലെ സ്ത്രീകളുടെ കുടുംബത്തിലെയും സമൂഹത്തിലെയും ഇപ്പോഴത്തെ പദവി സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് പുറപ്പെടുവിക്കുന്നതിന് കിലയുമായി സഹകരിച്ച് 2,50,000/- രൂപ ചെലവഴിച്ച് പ്രൊജക്റ്റ് നടപ്പാക്കിയെങ്കിലും നാളിതുവരെ റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടില്ല.

പ്രോജക്റ്റ് നമ്പർ- 174/18

നിർവഹണം -അസിസ്റ്റന്റ് സെക്രട്ടറി

ചെലവഴിച്ച തുക -₹ 25,000/-രൂപ

പ്രോജക്റ്റ് പ്രകാരം സർവേയർമാർക്ക് പ്രത്യേകഫോറങ്ങൾ നൽകൽ ,ഫോറങ്ങളെ പരിചയപ്പെടുത്തൽ എന്നിവക്ക് 25000/- രൂപ,സർവേ പ്രവർത്തനങ്ങൾക്ക് 75000 ,റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിന് 50000/-രൂപ ,ജെന്റർ ഇക്വിലിറ്റി പ്രവർത്തനങ്ങൾക്ക് 100000 എന്നിങ്ങനെ 250000/- രൂപയാണ് പ്രോജക്റ്റിൽ വകയിരുത്തിയത്.താഴെപ്പറയുന്ന രീതിയിൽ 250000 രൂപ ട്രഷറിയിൽ നിന്ന് പിൻവലിച്ചിട്ടുണ്ട്.

| ട്രഷറി ബിൽ നമ്പർ ,തീയതി | പിൻവലിച്ച തുക |
|---|---|
| ബിൽ നമ്പർ 5/6.1.18 | 34535/-രൂപ |
| ബിൽ നമ്പർ 8/9.2.18 | 25763/-രൂപ |
| ബിൽ നമ്പർ 10/20.2.18 | 10000/-രൂപ |
| ബിൽ നമ്പർ 17/21.3.18 | 40804/-രൂപ |
| ബിൽ നമ്പർ 21/24.3.18 | 131196/-രൂപ |
| ബിൽ നമ്പർ 22/24.3.18 | 7702/-രൂപ |
| ആകെ | 250000/-രൂപ |

മേൽ തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും പഠനറിപ്പോർട്ട് ഇതുവരെ തയ്യാറാക്കിയിട്ടില്ല.ഓഡിറ്റ് എൻക്വയറി നമ്പർ 2.തീയതി 26.11.18പ്രകാരം വിവരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് നിർവഹണോദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ പ്രിന്റ് ചെയ്ത റിപ്പോർട്ടിൽ അപാകതകൾ വന്നതിനാൽ വീണ്ടും പ്രിന്റ് ചെയ്യുവാൻ നൽകിയതാണെന്നും ലഭിച്ചാലുടൻ ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.റിപ്പോർട്ട് ലഭ്യമാക്കുവാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-16 സബ്സിഡി നിബന്ധനകൾ പാലിക്കാതെ ഗ്രൂപ്പ് സംരംഭങ്ങൾക്ക് ധനസഹായം നൽകി.

ജി.ഒ.എം.എസ്.80/17 ത.സ്വ.ഭ.വ 3.4.17 ഖണ്ഡിക 8.7.പ്രകാരം സ്വയം തൊഴിലിന് ആസ്തികൾ (സ്ത്രീകളുടെ മാത്രം ഗ്രൂപ്പ് സംരംഭങ്ങൾ) നടത്തുന്നതിന് സബ്സിഡി നൽകുന്നതിന് ഗ്രൂപ്പുകളിൽ കുറഞ്ഞത് 5 അംഗങ്ങൾ ഉണ്ടായിരിക്കണം.കൂടാതെ മറ്റ് ഏതെങ്കിലും ഏജൻസിയിൽനിന്ന് ധനസഹായം ലഭിച്ചവർ ആകരുത്.സംരംഭം ഒറ്റയൂണിറ്റായി നടത്തുകയും സാമ്പത്തിക ഇടപാടുകൾ ഒരുമിച്ച് നടത്തുകയും വേണം. ചെലവിന്റെ 75 % ആണ് സബ്സിഡി നൽകാവുന്നത്.എന്നാൽ അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതികളുടെ ഫയലുകളിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ചെലവഴിച്ച തുക സംബന്ധിച്ച രേഖകൾ ലഭ്യമല്ല.

1.കുടുംബശ്രീ അയൽക്കൂട്ടത്തിന്റെ നേതൃത്വത്തിൽ വനിതമെസ്സ് ആരംഭിക്കുന്നതിന് ധനസഹായം

പ്രോജക്ട് നമ്പർ-80/18
അടങ്കൽ-1,00,000/-രൂപ (വികസന ഫണ്ട്)

ട്രഷറി ബിൽ നമ്പർ 9/20.2.18 പ്രകാരം 1,00,000/- രൂപ വനിത മെസ്സ് ആൻഡ് കാറ്ററിംഗ് സർവീസ് യൂണിറ്റ് നടത്തിപ്പിനായി റോസ് സംരംഭകത്വ ഗ്രൂപ്പിന് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ 3,00,000/- രൂപ ബാങ്ക് വായ്പയും 1,00,000/- ഗുണഭോക്തൃവിഹിതവും 1,00,000/- പഞ്ചായത്ത് സബ്സിഡിയുമാണ് പ്രോജക്ടിൽ വകയിരുത്തിയത് എന്ന് കണ്ടു. 4 അംഗങ്ങൾ ആണ് ഈ ഗ്രൂപ്പിൽ ഉള്ളത്.

2.പ്രാദേശികവിഭവങ്ങളായ ചക്ക ,കപ്പ,വാഴക്ക ചിപ്സ് നിർമ്മാണയൂണിറ്റിന് സഹായം

പ്രോജക്ട് നമ്പർ -120/18
അടങ്കൽ 50,000/-രൂപ (വികസനഫണ്ട്)

ട്രഷറി ബിൽ നമ്പർ-19/24.2.18 പ്രകാരം 50000/- രൂപ വി.എം.ചിപ്സ് നിർമ്മാണയൂണിറ്റിന് ധനസഹായം നൽകി.ഫയൽ പരിശോധിച്ചതിൽ 5 അംഗങ്ങൾ

ചേർന്ന് ഗ്രൂപ്പ് രൂപീകരിച്ചു എന്നല്ലാതെ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ ഇല്ല.

കൂടാതെ 29.11.18 ന് നടത്തിയ സ്ഥല പരിശോധനസമയത്തും യൂണിറ്റ് തുടങ്ങുന്നതിന് വന്ന ചെലവിന്റെ രേഖകളും യൂണിറ്റിന്റെ വരവ്ചെലവ് രേഖകളും ഓഡിറ്റിന് ഹാജരാക്കിയില്ല.രണ്ട് യൂണിറ്റുകളുടെയും പഞ്ചായത്ത് ലൈസൻസ് ഉൾപ്പെടെയുള്ള ലൈസൻസുകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. നേരിൽ പരിശോധന നടത്തിയതിൽ ഒന്നാമത്തെ ഗ്രൂപ്പ് പ്രവർത്തിക്കുന്നു എന്നും രണ്ടാമത്തെ ഗ്രൂപ്പ് പ്രവർത്തിക്കുന്നില്ല എന്നും കണ്ടു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3.തീയതി 27.11.18-ന് നല്കിയ മറുപടിയിൽ രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.യൂണിറ്റ് തുടങ്ങിയപ്പോൾ ചെലവുരേഖകൾ പരിശോധിക്കാതെ സബ്സിഡി നല്കിയത് ഉചിതമായ നടപടിയല്ല. ഗ്രൂപ്പുകൾ പ്രവർത്തനസജ്ജമാക്കേണ്ടതും ലൈസൻസ് ഉൾപ്പെടെയുള്ള രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. ഗ്രൂപ്പുകൾ പ്രവർത്തനക്ഷമമാക്കാത്തപക്ഷം സബ്സീഡി തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. 50,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-17 <u>കൈവശാവകാശരേഖയില്ലാത്ത ഭൂമിയിൽ പദ്ധതികൾ നടപ്പാക്കുന്നു.</u>

മൂപ്പൈനാട് ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിൽ 9-ാം വാർഡിലെ കടച്ചിക്കുന്ന് പ്രദേശത്ത് ചെറുകിടകർഷകരുടെയും പട്ടികജാതി-പട്ടികവർഗ്ഗവിഭാഗക്കാരുടെയും കൈവശമുള്ള ഭൂമി നിക്ഷിപ്തവനഭൂമിയിൽ ഉൾപ്പെടുന്നതാണ് എന്ന് മേപ്പാടി ഫോറസ്റ്റ് റേഞ്ച് ഓഫീസർ 17.06.2011 ലെ ഉത്തരവ് പ്രകാരം പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്.സർവേ നമ്പർ-1110/15A1 AK,112/pt ,1054/1 A2,1052/1,1132 /ptഎന്നിവയിൽപ്പെട്ട ഭൂമിക്ക് വനഭൂമിയുടെ സ്റ്റാറ്റസ് ആണ് ഉള്ളതെന്നും ഇതിൽ പല കൃഷികൾ ചെയ്യാനോ, നിർമ്മാണപ്രവൃത്തികൾ നടത്താനോ പാടില്ലയെന്നും മേൽ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

എന്നാൽ ഈ ഭൂമിയിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് തുക ചെലവഴിച്ചിട്ടുണ്ട്.

1.മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയിൽ ചെറുകിടനാമമാത്ര കർഷകരുടെയും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെയും ഭൂമിയിൽ തൊഴിൽ നൽകുന്ന പദ്ധതികൾ നടപ്പാക്കുന്നത് ഭൂമിയുടെ ആധാരം /പട്ടയം, കൈവശാവകാശ രേഖ , നികുതിയടച്ച രശീത് എന്നിവയുടെ അടിസ്ഥാനത്തിൽ ആണ്. എന്നാൽ ഇവ

ഇല്ലാതെ വെള്ളക്കടലാസിലെ അപേക്ഷയുടെ വെളിച്ചത്തിൽ കടച്ചിക്കുന്ന് പ്രദേശത്ത് 11 പ്രവർത്തികളിലായി ₹ 3972906 ചെലവഴിച്ചിട്ടുണ്ട്. ഭൂമി തട്ടുതിരിക്കൽ, കുളം നിർമ്മാണം , കിണർ നിർമ്മാണം,കാപ്പിതൈ നടൽ നടപ്പാത കോൺക്രീറ്റ്, മൺകൈയ്യാല എന്നീപ്രവൃത്തികളാണ് നടപ്പാക്കിയത്.

2. സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ ഈ പദ്ധതിയിൽപ്പെടുത്തി നിരവധി വീടുകൾക്ക് മുൻവർഷങ്ങളിലും തൻവർഷവുമായി ധനസഹായം നല്കിയതായി കാണുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ 6.തീയതി 29.11.18പ്രകാരം ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിന് സെക്രട്ടറി നൽകിയ മറുപടിയിൽ ഈ പ്രദേശങ്ങളിൽ പട്ടയവിതരണത്തിനായി ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞതാണെന്നും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയിൽ അപേക്ഷ നൽകുമ്പോൾ 14 ദിവസത്തിനുള്ളിൽ തൊഴിൽ നൽകേണ്ടി വരുമ്പോൾ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതാണെന്നും ഇവിടെ അധിവസിക്കുന്നതിൽ 100% ഉം ചെറുകിട നാമമാത്രകർഷകർ ആണെന്നും പറഞ്ഞിട്ടുണ്ട്. കൂടാതെ സ ഭരണസമിതി അംഗീകാരത്തോടെയാണ് പ്രവൃത്തികൾ നടപ്പാക്കിയതെന്നും പറഞ്ഞിട്ടുണ്ട്. വളരെക്കാലമായി ജനങ്ങൾ താമസിക്കുന്ന ഈ സ്ഥലത്ത് റോഡുകളും പാലങ്ങളും കുടിവെള്ള പദ്ധതികളും അങ്കണവാടി കെട്ടിടങ്ങളും സ്കൂളുകളും പൊതുകെട്ടിടങ്ങളും വൈദ്യുതീകരണവും ബസ്സ് സർവീസും ഉള്ള സ്ഥലമാണെന്നും പറഞ്ഞിട്ടുണ്ട്.

ഫോറസ്റ്റ് വകുപ്പ് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് തടസ്സം പറഞ്ഞിട്ടുള്ള സാഹചര്യത്തിൽ ഈപ്രദേശത്ത് പദ്ധതികൾ ഏറ്റെടുക്കുന്നതിന് സർക്കാർ അനുവാദം ലഭ്യമാക്കുന്നത് ഉചിതമാണ്.

## **3-18** മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി-

## ആസ്തിരജിസ്റ്ററിൽ ഉൾപ്പെടാത്ത പദ്ധതികൾ നടപ്പാക്കുന്നു.

മൂപ്പൈനാട് ഗ്രാമപഞ്ചായത്തിലെ വിവിധവാർഡുകളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്.

എന്നാൽ ഈ പ്രവൃത്തികൾ നടപ്പാക്കിയത് പഞ്ചായത്തിന് വിട്ടുകിട്ടിയ ഭൂമിയിൽ ആണെന്നുള്ള രേഖകൾ ഫയലിൽ ഇല്ല. തൻവർഷം സൃഷ്ടിച്ച ഈ ആസ്തികൾ ആസ്തിരജിസ്റ്ററിൽ ചേർത്തിട്ടുമില്ല. പ്രവൃത്തികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | വാർഡ് നമ്പർ | പ്രവർത്തിയുടെ പേര് | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 6 | ഉസ്മാൻ നടപ്പാത കോൺക്രീറ്റ് | 105101.689 |
| 2 | 6 | വളവ് കീരിമൂല പന്നിക്കൽ വയൽ നടപ്പാത കോൺക്രീറ്റ് | 233383.063 |
| 3 | 12 | രമേശൻ നടപ്പാത കോൺക്രീറ്റ് | 120111 |
| 4 | 8 | പാച്ചുപിള്ള അമ്പലക്കുന്ന് നടപ്പാത കോൺക്രീറ്റ് | 219070.28 |
| 5 | 10 | കാപ്പൻ നടപ്പാത കോൺക്രീറ്റ് | 272578.357 |
| 6 | 7 | വട്ടച്ചോല ടാങ്ക് കുന്ന് നടപ്പാത കോൺക്രീറ്റ് | 341030.487 |
| 7 | 5 | ആപ്പാളം നടപ്പാത കോൺക്രീറ്റ് | 341962.524 |
| 8 | 9 | കടച്ചിക്കുന്ന് റിപ്പൺ 14 ആശാരിക്കുണ്ട് നടപ്പാത കോൺക്രീറ്റ് | 343864.487 |
| 9 | 11 | 90 വയൽ റോഡ് കോൺക്രീറ്റ് | 344836.487 |
| 10 | 9 | കോട്ടനാട് മൂല നടപ്പാത | 182341.11 |
| 11 | 10 | പാങ്ങിൽ നടപ്പാത കോൺക്രീറ്റ് | 62858.9027 |
| 12 | 8 | മഞ്ഞളം നടപ്പാത കോൺക്രീറ്റ് | 174497.232 |
| 13 | 1 | ലക്കിഹിൽ മസ്ജിദ് റോഡ് കോൺക്രീറ്റ് | 343864.487 |
| 14 | 14 | തിനപുരം ആനടിക്കാപ്പ് കാവ് റോഡ് കോൺക്രീറ്റ് | 343841.55 |

| | | | |
|---|---|---|---|
| 15 | 4 | നാഗത്താൻകുന്ന് ഖാൻഖാവ് നടപ്പാത കോൺക്രീറ്റ് | 241652.315 |
| 16 | 3 | തിനപുരം വയൽ നടപ്പാത കോൺക്രീറ്റ് | 124982.25 |
| 17 | 3 | 52 വയൽ നടപ്പാത കോൺക്രീറ്റ് | 168274.13 |
| 18 | 2 | അഞ്ചേക്ര ഉസ്മാൻ നടപ്പാത കോൺക്രീറ്റ് | 104001.686 |
| 19 | 2 | അഞ്ചേക്ര മേലെ അരപ്പറ്റ റോഡ് കോൺക്രീറ്റ് | 161555.968 |
| 20 | 16 | ലക്കിഹിൽ മസ്ജിദ് റോഡ് കോൺക്രീറ്റ് | 343864.487 |
| 21 | 15 | മഞ്ഞളാം കുന്ന് സഫിയ റോഡ് കോൺക്രീറ്റ് | 343864.487 |
| 22 | 13 | അരമംഗലംചാൽ കുഴിക്കണ്ടത്തിൽറോഡ് കോൺക്രീറ്റ് | 343864.487 |
| 23 | 4 | മൂന്നാം നമ്പർ പാലം നിർമ്മാണം | 152871.875 |

ഓഡിറ്റ് എൻക്വയറി നമ്പർ 7.തീയതി 30.11.18 പ്രകാരം ഈ പദ്ധതികളുടെ ഉടമസ്ഥത സംബന്ധിച്ച വിവരങ്ങളും ഭൂമി വിട്ടുകിട്ടിയത് സംബന്ധിച്ച അധികവിവരങ്ങളുണ്ടെങ്കിൽ ആയവയും ആസ്തിരജിസ്റ്ററിൽ ചേർത്ത വിവരങ്ങളും ഓഡിറ്റിന് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടതിന് സെക്രട്ടറി നൽകിയ മറുപടിയിൽ എത്രയും വേഗം ചേർത്ത് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ആസ്തിരജിസ്റ്റർ കാലികമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ചതുക | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1,20,000/- | ക്ഷീരകർഷകർക്ക് പാലിന് | - | 1,20,000/ |

| | | | | |
|---|---|---|---|---|
| | | സബ്സീഡി | | |
| ജില്ലാ പഞ്ചായത്ത് | 84,000/- | ക്ഷീരകർഷകർക്ക് പാലിന് സബ്സീഡി | - | 84,000/- |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സമഗ്രഭവന വായ്പ | നം.3016/ഡി.ബി. 1 /14 / തസ്വഭവ തീയതി 19.2.14 | 6,75,00,000 | 4,15,09,632 | 8410200 | 3758279 | 40599432b |

വർഷാരംഭം അടയ്ക്കുവാൻ ബാക്കിയുള്ളത് – 4,15,09,632/- രൂപ
തൻവർഷം എടുത്ത ലോൺ - 75,00,000/- രൂപ
ആകെ - 4,90,09,632/- രൂപ
തൻവർഷം തിരിച്ചടച്ചത് – 84,10,200/- രൂപ
ബാക്കി - 4,05,99,432/- രൂപ

മുൻബാക്കി മുൻവർഷത്തെ റിപ്പോർട്ടുമായി പൊരുത്തപ്പെടാത്തത് വിശദീകരിക്കേണ്ടതാണ്.

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹ 3407432 |

| | |
|---|---|
| | |
| തൻവർഷം നിക്ഷേപിച്ച തുക | ₹ 255678 |
| ആകെ | ₹ 3663110 |
| തന്നാണ്ടിൽ പിൻവലിച്ച തുക | --- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹ 3663110 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി/ പുതുക്കിയ | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കേരളഗ്രാമീണബാങ്ക്, വടുവൻചാൽ | 6.11.17 | 6 മാസം | ₹ 6,09,399 | |
| 2 | കേരളഗ്രാമീണബാങ്ക്, വടുവൻചാൽ | 13.1.18 | 6 മാസം | ₹11,58,990 | |
| 3 | കേരളഗ്രാമീണബാങ്ക്, വടുവൻചാൽ | 23.2.18 | 6 മാസം | ₹10,67,200 | |
| 4 | കേരളഗ്രാമീണബാങ്ക്, വടുവൻചാൽ | 26.12.17 | 6 മാസം | ₹ 3,64,896 | |
| 5 | കേരളഗ്രാമീണബാങ്ക്, വടുവൻചാൽ | 10.9.18 | ഒരു വർഷം | ₹ 4,62,625 | |
| ആകെ | | | | ₹36,63,110 | |

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ ശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-11 | 2006-07 | 3.90.1 | ജെ.ജി.എസ്.വൈ.പ്രവൃത്തി പൂർത്തീകരിച്ചില്ല | സമിതിയുടെ പരിഗണനയിൽ |
| 2014-15 | - | 2014-15 | 5.7 | മൃഗസംരക്ഷണ-ക്ഷീരവികസനമേഖലക്ക് നീക്കിവെക്കുന്ന തുകകൾ പരിമിതം | സമിതിയുടെ പരിഗണനയിൽ |
| 2014-15 | - | 2014-15 | 5.7 | കർമ്മസമിതികൾ യഥാവിധി യോഗം ചേരുന്നില്ല | സമിതിയുടെ പരിഗണനയിൽ |
| 2014-15 | - | 2014-15 | 5.7 | കെട്ടിടം ജീർണ്ണാവസ്ഥയിലായതിനാൽ വെറ്റിനറി ഡിസ്പൻസറിയിൽ മരുന്നുകൽ സൂക്ഷിക്കാൻ പോലും സൌകര്യമില്ല | സമിതിയുടെ പരിഗണനയിൽ |
| 2014-15 | - | 2014-15 | 5.7 | കുളമ്പുരോഗപ്രതിരോധപ്രവർത്തനങ്ങൽ ഫലപ്രദം അല്ല. | സമിതിയുടെ പരിഗണനയിൽ |
| 2014-15 | - | 2014-15 | 5.7 | പദ്ധതിനടത്തിപ്പിന് സമിതികൾ രൂപീകരിച്ചിട്ടില്ല | സമിതിയുടെ പരിഗണനയിൽ |
| 2014-15 | - | 2014-15 | 5.7 | ഗോരക്ഷാക്യാമ്പുകൾ നടത്തിയിട്ടില്ല | സമിതിയുടെ പരിഗണനയിൽ |
| 2014-15 | - | 2014-15 | 5.7 | അനധികൃതഅറവുശാലകൾ | സമിതിയുടെ പരിഗണനയിൽ |
| 2015-16 | 2.4 | 2016-17 | അധ്യായം 2 | തൊഴിൽനികുതി അപാകങ്ങൾ | സമിതിയുടെ പരിഗണനയിൽ |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ഇല്ല

(ബി) ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹ 10,10,55,329 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹ 8,51,85,382 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹ 1,76,061 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹ 33,98,407 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| | | |
|---|---|---|
| 3-1 | ₹ 2,030 | ഡോ. രാജി.കെ.സി വെറ്ററിനറി സർജൻ |
| 3-7(II) | ₹ 1,60,540 | മനരാജ് , അസി.എഞ്ചിനീയർ |
| 3-8 | ₹ 13,491 | മനരാജ് , അസി.എഞ്ചിനീയർ |
| ആകെ | ₹ 176061/- | |

( സി )ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | ₹1,01,500 | ശ്രീമതി എം.കെ മറിയുമ്മ.കൃഷി ഓഫീസർ |
| 3-5 | ₹ 19,95,452 | 1280000-സരസ്വതി.കെ.എം, സെക്രട്ടറി |
| | | 350000 -അൻസാരി .എസ്.സെക്രട്ടറി |
| | | 365452-അൻസാരി .എസ്.സെക്രട്ടറി |
| 3-7(1) | ₹ 2,14,946 | മനരാജ് , അസി.എഞ്ചിനീയർ |
| 3-8 | | മനരാജ് , അസി.എഞ്ചിനീയർ |

| | | |
|---|---|---|
| | ₹ 86,509 | |
| 3-14 | ₹ 7,00,000 | സരസ്വതി.കെ.എം, സെക്രട്ടറി |
| 3-15 | ₹ 2,50,000 | കെ.രമചന്ദ്രൻ അസി. സെക്രട്ടറി |
| 3-16 | ₹ 50,000 | കെ.രമചന്ദ്രൻ അസി. സെക്രട്ടറി |
| ആകെ | ₹ 33,98,407 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക-2-1, 2-4, 2-5

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മനരാജ് , അസി.എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ ,<br>മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് | രാജ് ഭവൻ,<br>എമിലി,<br>കൽപ്പറ്റ |
| ഡോ. രാജി.കെ.സി വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് | നെല്ലിക്കണ്ടത്തിൽ വീട്, സി.സി പി.ഒ വാകേരി സു. ബത്തേരി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2001-2002 (Plan) | LF(W)P3-558/2003 dtd. 31/10/2004 | 2 | |

| | | | |
|---|---|---|---|
| 2001-02 | LF(W)P1-112/2009 dtd. 03.02.2009 | 3 | |
| 2002-03 | LF(W)P1-111/09 dtd. 03/02/2009 | 19 | |
| 2003-04 | LF(W)P1-1226/09 dtd. 04.02.2009 | 4 | |
| 2004-05 | LF(W)P1-1225/09 dtd. 04.02.2009 | 3 | |
| 2005-06 | LF(W)P1-867/11 dtd. 29.12.2011 | 15 | |
| 2006-07 | LF(W)P1-868/12 dtd. 05.07.2012 | 15 | |
| 2007-08 | LF(W)P1-947/12 dtd. 02.03.2013 | 12 | |
| 2008-09 | LF(W)P1-893/2011(1) dtd. 26.03.2013 | 39 | |
| 2009-10,2010-11 | LF(W)P1-700/2011(1) dtd. 18.05.2015 | 19 | |
| 2011-12,2012-13 | LF(W)P1-678/2014 dtd. 19.02.2015 | 24 | |
| 2013-14 | LF(W)P1-398/2015 dtd. 13.04.2018 | 8 | |
| 2014-15 | LF(W)P1-483/2016 dtd. 04.04.2017 | 11 | |
| 2015-16 | LF(W)P1-753/20116 dtd. 31.05.2017 | 20 | |
| 2016-17 | LF(W)P1-580/17 dtd. 19.03.2018 | 17 | |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

# അനുബന്ധം - 1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി.)പി1 - 541/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്, കൽപ്പറ്റ,

പിൻ -673121

തിയ്യതി : 26 /06/2018

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 4, 1994 കേരള പഞ്ചായത്ത് രാജ് നിയമം 215(6), 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018 /ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മൂപ്പൈനാട് ഗ്രാമപഞ്ചായത്തിൻെറ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധം കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

## അനുബന്ധം -2

## വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

നം.കെ.എസ്.എ.(ഡബ്ല്യ.വൈ.ഡി.)പി1 - 541/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്, കൽപ്പറ്റ,

പിൻ -673121

തിയ്യതി : 26 /06/2018

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. എക്സസ്സ് ഓഫ് ഇൻകം ഓവർ എക്സ്പെൻഡിച്ചർ എന്ന ഹെഡിൽ ട്രയൽ ബാലൻസിലെ നീക്കിയിരിപ്പും, ബാലൻഷീറ്റിലെ ( B1) നിക്കീയിരിപ്പും പൊരുത്തപ്പെടുന്നില്ല.
2. ആസ്തി രജിസറ്റർ ,സ്റ്റോക്ക് രജിസറ്റർ എന്നിവയിൽ വർഷാന്ത്യമൂല്യം കണക്കാക്കിയിട്ടില്ല.
3. വസ്തുനികുതിയിൽ വാർഷിക കണക്കും, സഞ്ചയ സ്റ്റേറ്റ് വെയറിൽ നിന്ന് ലഭ്യമായ ഡിമാന്റ്,നീക്കിയിരിപ്പ് എന്നിവയും പൊരുത്തപ്പെടുന്നില്ല.
4. ലോൺ - രജിസ്റ്റർ പ്രകാരം വരവുണ്ടെങ്കിലും വാർഷിക കണക്കിൽ ചെലവും,നിക്കീയിരിപ്പും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത് .
5. അഡ്വാൻസ്- വരവ് ചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

6. പെർമനന്റ് അഡ്വാൻസ്- രജിസ്റ്ററും,വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്